# സഖാക്കളുടെ നാട്ടിൽ



ജെ. ഞായല്ലൂർ

Catechism prize for
Teacher. class
awarded to Dominie. L. J
1-6-1958

479

# സഖാക്കളുടെ നാട്ടിൽ

479

ഗ്രന്ഥകർത്താ:

ജെ. ഞായല്ലൂർ

പ്രസാധകൻ:

വി. കെ. ആലക്കളം

കോപ്പി 2000 വില 3-ണ

(രണ്ടാംപതിപ്പ്)

1954

PRINTED AT THE UNION PRESS, MARIAPURAM

# സഖാക്കളുടെ നാട്ടിൽ

ആധുനിക യുഗത്തിലെ സമരായുധങ്ങളിൽവെച്ച് ഏററവും പ്രബലമായതു കള്ളപ്രചരണ വിദ്യയാണ്. ആനയെ കുനയാക്കാനും കുനയെ ആനയാക്കാനും കള്ളപ്രചരണത്തിനു കരുത്തുണ്ട്. കള്ളപ്രചരണത്തിന്റെ കുത്തക ഏറെറടുത്തിരിക്കയാണ് ലോകമൊട്ടുക്കുള്ള കമ്മ്യൂണിസ്റ്റുകാർ. മനുഷ്യന്റെ വിശ്വാസത്തെയും സൽബുദ്ധിയേയും ചൂഷണം ചെയ്തിട്ട്, ചിരിച്ചുകൊണ്ട് അവനെ അടിമച്ചങ്ങലയിൽ തള്ളിവിടുക; പാവനമായ അവന്റെ മനുഷ്യത്വത്തെ ഞണ്ണാങ്കട്ടയ്ക്കു സമാനം പരിഗണിക്കുക; അവന്റെ സംസ്കാരപാരമ്പര്യത്തെ ശമിപ്പിക്കുവാൻ അധമവികാരങ്ങളെ ഇക്കിളികൂട്ടുന്ന പോഷണപാനീയം നൽകുക—ഇതൊക്കെയാണ് എല്ലായിടത്തുമെന്നപോലെ ഇന്നാട്ടിലും കമ്മ്യൂണിസ്റ്റുകാർ നടത്തുന്നത്. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിതം ഹോമിച്ച ആയിരമായിരങ്ങളെ മനഃപൂർവ്വം മറന്നുകളഞ്ഞ്, സ്വതന്ത്രയായ നമ്മുടെ മാതൃഭൂമിയെ റഷ്യയ്ക്കടിപ്പെടുത്തുവാൻ വെമ്പൽകൊള്ളുന്ന സഖാക്കളുടെ കള്ളപ്രചരണസാമ്പിളുകൾ നാട്ടുകാരെ ചിന്താക്കുഴപ്പത്തിലാക്കുകയും വഴിതെററിക്കുകയും ചെയ്യുന്നതു കാണുമ്പോൾ ഹൃദയമുള്ളവർ കരഞ്ഞുപോകും.

കമ്മ്യൂണിസ്റ്റുകളുടെ മാതൃരാജ്യമായ റഷ്യയിലേക്ക് ഇൻഡ്യൻ പാർലിമെൻറിലെ കമ്മ്യൂണിസ്റ്റ് നേതാവ് സഖാവ് എ. കെ. ഗോപാലൻ പോകുന്നുവെന്നുള്ള വാർത്ത പത്രങ്ങളിൽ പ്രസിദ്ധമായപ്പോൾതന്നെ, 'അടിയും തടയും' പഠിച്ച ആ സഖാവി

ന്റെ പ്രചരണതന്ത്രങ്ങൾ നാട്ടുകാർ വളരെയധികം സഹിക്കേണ്ടിവരുമെന്നു മാളശന്മാർ കരുതി. ആ വിചാരം തെറ്റിയില്ല. സുദീർഘമാസങ്ങളിലെ സഞ്ചാരത്തിനും സഖമൈത്രകളെവിനും ശേഷം സഖാവ് നാട്ടിലെത്തി. ഇന്നാട്ടിൽ അനേകമാളുകളിടങ്ങളും ഉടനടന്ന സ്വീകരണങ്ങളും രക്തഹാരങ്ങളും സ്വീകരിച്ചു, ചില പ്രസ്സ്കോൺഫറൻസുകളും നടത്തി. റഷ്യയും ചൈനയുമൊക്കെ സന്ദർശിച്ചുകഴിഞ്ഞു എന്നൊരു ധാരണ പരത്താനാവുന്ന വിധം അദ്ദേഹം കിട്ടിയ അവസരങ്ങൾ പാഴാക്കാതെ ഉപയോഗിച്ചു. പല ലേഖനങ്ങളും എഴുതിത്തള്ളി.

ഈ നാട്ടിലെ ബഹുഭൂരിപക്ഷമാളുകളും ഈ പ്രചരണഗുണ്ടുകൾ വെട്ടിവിഴുങ്ങുമെന്നാണ് സഖാവ് ഉദ്ദേശിക്കുന്നത്. പക്ഷേ, നാട്ടുകാരുടെ തലയിൽ മണ്ണാങ്കട്ടയല്ലാ ഉള്ളതെന്നു സഖാവു ധരിക്കണം. 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ സഖാവു ഗോപാലൻ പടച്ചുവിട്ടിട്ടുള്ള പല ലേഖനങ്ങൾ നമുക്കൊന്നു പരിശോധിക്കുക. ലേഖനങ്ങൾ മാത്രമോ? അല്ല. റഷ്യയുടേയും ചൈനയുടേയും സമൃദ്ധിയും സംസ്കാരവും കാണിക്കാനെന്ന മട്ടിൽ ചില ഫോട്ടോകളും 'മാതൃഭൂമി' ആഴ്ചപ്പതിപ്പിലുണ്ട്. ചില ഫോട്ടോകളുടെ അധമവികാരോത്തേജനപ്രവണതകളെക്കുറിച്ചു വിസ്തരിക്കാതിരിക്കയാണ് ഭേദം. ഉദാഹരണമായി പിക്കിംഗിലെ 'സമാധാനസമ്മേളന'ങ്ങളോടനുബന്ധിച്ചു നടത്തപ്പെട്ട റാലിയിൽ അർദ്ധനഗ്നകളായ ചെറുപ്പക്കാരികൾ കൂട്ടംകൂട്ടമായി മാർച്ചുചെയ്യുന്ന ആ ഫോട്ടോ. ചൈനയിൽ വസ്ത്രങ്ങൾക്കു ഇത്ര ക്ഷാമമോ? അതോ, അർദ്ധനഗ്നകളായി കൂത്താടുന്ന യുവതികളുടെ ചിത്രങ്ങൾ കണ്ടിട്ടു ഇന്നാട്ടിലും കമ്മ്യൂണിസം വന്നാൽ തരക്കേടില്ല എന്നൊരു പ്രതീതി ചില ചെറുപ്പക്കാർക്കുണ്ടാകുവാനാണോ ആ ഫോട്ടോ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്? കേട്ടോ, കമ്മ്യൂണിസ്റ്റ് വ്യവസ്ഥയിൽ നഗ്നത പേരിനുമാത്രം മറച്ച യുവതികൾക്കു തെരുവീഥികളിലൂടെ സഞ്ചരിക്കാം. ഇന്നാട്ടിലെ നമ്മുടെ സഹോദരികൾ അതിനു സമ്മതിക്കുകയില്ല, സഖാവേ.

## സന്ദർശകർ

ഈയിടെ തിരു-കൊച്ചി മന്ത്രി മി. പനമ്പിള്ളി ഗോവിന്ദമേനോൻ റഷ്യ ഒന്നു കാണുന്നതിന്നു പലരെ ബുദ്ധിമുട്ടിയിട്ടും അദ്ദേഹത്തിന്ന് അനുവാദം ലഭിച്ചില്ലെന്നു വായിക്കുകയുണ്ടായി. എന്താണതിന്റെ കാരണം? മുതലാളിത്ത രാജ്യങ്ങളെന്നു കമ്മ്യൂണിസ്ററുകാർ കൊട്ടിഘോഷിക്കുന്ന രാജ്യങ്ങളേക്കാൾ സാമൂഹ്യമായും സാംസ്കാരികമായും സാമ്പത്തികമായും വളരെയധികം മെച്ചപ്പെട്ട നിലയാണ് റഷ്യയ്ക്കും മററു കമ്മ്യൂണിസ്ററു രാജ്യങ്ങൾക്കും ഉള്ളതെങ്കിൽ, മറുനാട്ടുകാരെ തങ്ങളുടെ നാടു ചുററിനടന്നു കാണുന്നതിന്നു അനുവദിക്കാത്തതെന്തുകൊണ്ട്?

സഖാവു ഗോപാലൻ താനറിയാതെതന്നെ ചില സത്യങ്ങളൊക്കെ തന്റെ ലേഖനങ്ങളിൽ പറഞ്ഞുപോയിട്ടുണ്ട്.

“വിദേശ സന്ദർശകന്മാരിൽ ആരെ അനുവദിക്കണം, ആരെ അനുവദിക്കാൻ പാടില്ല എന്ന കാര്യങ്ങൾ തീരുമാനിക്കുന്നതു് സോവിയററ ഗവർമ്മേണ്ടാണ്. സൗഹൃദരാഷ്ട്രങ്ങളിലുള്ള ജനങ്ങളുടെ കാര്യത്തിൽ പൊതുവിൽ യാതൊരു വിഷമവുമില്ല.” (മാതൃഭൂമി ജൂൺ 21) എന്തിനിങ്ങനെ വളച്ചുകെട്ടിപ്പറയുന്നു? ഉള്ളകാര്യം അങ്ങു തുറന്നു പറയരുതോ? കമ്മ്യൂണിസ്റ്റ് പ്രേമം പരോക്ഷമായിട്ടുപോലും ഇല്ലാത്ത യാതൊരുത്തനും റഷ്യയും ചൈനയുമൊക്കെ ഒന്നു കാണാനൊക്കുകയില്ലെന്നങ്ങു പറയരുതോ? ഹേ, സഖാവു ഗോപാലൻ, കമ്മ്യൂണിസത്തിന്റെ ബദ്ധശത്രുവെന്നു പേരെടുത്തിട്ടുള്ള ആരെങ്കിലും ഒരാൾ റഷ്യയിൽ സ്വതന്ത്രസഞ്ചാരം നടത്തിയിട്ടുണ്ടെന്നും റഷ്യക്കാരോടു സ്വതന്ത്രമായി സംസാരിച്ചിട്ടുണ്ടെന്നും താങ്കൾ തുറന്നു പ്രസ്താവിക്കുമോ?

## സമാധാന കുതുകികളോ ?

റഷ്യയും ഉപഗ്രഹരാജ്യങ്ങളും സമാധാനത്തിനുവേണ്ടി നിലകൊള്ളുന്നു, 'മുതലാളിത്തരാജ്യങ്ങളാം, യുദ്ധം കുത്തിപ്പൊക്കാൻ വെമ്പൽകൊള്ളുന്നു, എന്നൊരു പ്രതീതി ജനസാമാന്യത്തിലുളവാക്കാൻ ചില പ്രചരണതന്ത്രങ്ങളൊക്കെ സഹായം ചെയ്തിട്ടുണ്ടു്. താഷ്കെന്റിൽ ഒരു വൃദ്ധ സ്ത്രീ പറഞ്ഞതുപോലും ഇനിയും യുദ്ധം വരാൻ അവരാഗ്രഹിക്കുന്നില്ല. അവരുടെ രണ്ടു മക്കൾ പട്ടാളത്തിൽ ചേർന്നു മരിച്ചുപോയി. ബാക്കിയുള്ള രണ്ടു മക്കളും നഷ്ടപ്പെടാനവരാഗ്രഹിക്കുന്നില്ല—ഇതൊക്കെയാണു് സഹജമായുള്ള അടവുകൾ. പെററതള്ള ഏതു നാട്ടിലും പെററതള്ള തന്നെ. മക്കൾ മരിക്കുന്നതിനു അവരാഗ്രഹിക്കയുമല്ല. പക്ഷേ, ഭരണകൂടം നിയന്ത്രിക്കുന്ന ആ റഷ്യൻ നേതാക്കളുടെയെപ്പം? അവർ ജനതയുടെ അഭിലാഷങ്ങളെ മാനിക്കുന്നവരാണോ? അതാണു് പ്രശ്നം. സമാധാനപ്രസ്ഥാനമെന്ന പേരിൽ വിശ്വവ്യാപകമായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള റഷ്യൻ അഞ്ചാംപത്തിയുടെ തനിനിറം ഇതിനകം നാട്ടുകാർ ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ടു്.

ആസ്വാദനീയങ്ങളായ ഭോജ്യപേയങ്ങൾകൊണ്ടു് കുംഭി വീർപ്പിച്ചിരിക്കുന്ന ഒരുവൻ പറയുന്നുവെന്നിരിക്കട്ടെ 'ഹേയ്, എനിക്കിപ്പോൾ ഭക്ഷണമൊന്നും വേണ്ടാ' എന്നു്. അയാളുടെ നിരാഹാരവ്രതത്തെക്കുറിച്ചു നമുക്കെന്തു തോന്നും? അധികം അകത്താക്കിയാൽ ദേഹക്കേടുണ്ടാകുമെന്നയാൾക്കറിയാം.

1930 ജൂൺ 27-ാം തിയ്യതി സമ്മേളിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പതിനാറാം കോൺഗ്രസ്സിൽവെച്ചു സ്റ്റാലിൻ പ്രസ്താവിച്ചു: "വിദേശരാജ്യത്തിന്റെ ഒരടി സ്ഥലംപോലും നാമാഗ്രഹിക്കുന്നില്ല. എന്നാൽ നമ്മുടെ രാജ്യത്തിന്റെ ഒരിഞ്ചു സ്ഥലംപോലും നാമാർക്കും വിട്ടുകൊടുക്കയുമില്ല. അതാണു നമ്മുടെ വിദേശനയം". ഈ നയപ്രഖ്യാപനം കഴിഞ്ഞശേഷം റഷ്യൻ

തടി വെട്ടിവിഴുങ്ങിയ സ്ഥലങ്ങൾ കേട്ടോളൂ. പൂർവ്വ പോളണ്ട്, ലാററ്വിയാ, ലിത്വേനിയാ, എസ്റ്റോണിയാ, ഫിന്നിഷ് കറേലിയ, ബെസ്സറാബിയാ, ഉത്തര ബുക്കോവിനാ, മോൾഡാവിയാ, കോനിഗ്സ്ബർഗ്ഗ് കർപാത്തോ — ഉക്രൈയിൻ, ദക്ഷിണ സഖലിൻ, ടന്നുടുവാ, കുറൈൽ ദ്വീപുകൾ. ഇവയെല്ലാംകൂടി 273947 ചതുരശ്ര മൈൽ വിസ്തീർണ്ണമുണ്ട്. ജനസംഖ്യ 21355000. സോവിയററ ഗവർമ്മെണ്ടിൻെറ സമാധാനപ്രേമത്തിൻെറ സാമ്പിൾ കണ്ടില്ലേ?

ഔട്ടർ മംഗോളിയാ ചൈനയിൽനിന്നു വേർപെട്ട് ഇന്നു സോവിയററ യൂനിയനോട് ചേർന്നിരിക്കയാണ്. ആറു ലക്ഷത്തോളം വരുന്ന ആ ദേശക്കാർ സോവിയററ യൂണിയനോട് തങ്ങളുടെ രാജ്യം കൂട്ടിച്ചേർക്കപ്പെടുന്നതിനു വോട്ടു ചെയ്തുപോലും. ഒററയാൾ പോലും എതിരായി വോട്ടുചെയ്തില്ലെന്നുള്ളതാണ് ആ വോട്ടിങ്ങിൻെറ പ്രത്യേകത. ശുദ്ധ ജനകീയംതന്നെ!

സോവിയററു റഷ്യയുടെ ഉപഗ്രഹരാജ്യങ്ങളുടെ കഥ വേറെ. അവരെല്ലാം ഇന്നു റഷ്യൻ സ്വേച്ഛാധിപത്യത്തിൻെറ കൂത്തരങ്ങാണ്. അന്നാട്ടുകളിലെ പാവ ഗവർമ്മെണ്ടുകൾക്ക് മോസ്കോവിലെ ഉത്തരവുകൾ 'ഏറാൻ' മൂളി അനുസരിക്കാൻ മാത്രമേ ഇന്നു സ്വാതന്ത്ര്യമുള്ളൂ. ആ സ്ഥലങ്ങളിലെ മന്ത്രിസഭകളെ ആക്കുന്നതും നീക്കുന്നതും മോസ്കോ പ്രമാണികളാണ്. ബെറിയായുടെ പതനത്തെ തുടർന്ന് ഉപഗ്രഹരാജ്യങ്ങളിലും ബെറിയാപക്ഷക്കാരെ 'ലിക്വിഡേററ്' * ചെയ്തുകൊണ്ടിരിക്കയാണ്. യൂഗോസ്ലാവിയ റഷ്യൻ ചങ്ങല പൊട്ടിച്ചു മാറിയപ്പോൾ ടിറേറായുടെ സഖാക്കളെ റഷ്യയിൽ മാത്രമല്ലാ ഉപഗ്രഹ രാജ്യങ്ങളിലും വനമൃഗങ്ങളെപ്പോലെ വേട്ടയാടി 'ലിക്വിഡേററ്' ചെയ്തു. പോളണ്ട്, റുമേനിയാ, ബൾഗേറിയ, ചെക്കോസ്ലൊവാക്കിയ, അൽബേനിയ, ഹംഗറി, ഫിൻലാൻഡ്, പൂ

---

* [illegible]

ർവ്വജർമ്മനി, പൂർവ്വ ആസ്ത്രിയാ എന്നിവയാണ് റഷ്യയുടെ സാമ
ന്തരാജ്യങ്ങൾ. ചൈന ഭാഗികമായിട്ടെങ്കിലും ഇന്നു റഷ്യയുടെ
ഒരു സാമന്തരാജ്യമായിക്കഴിഞ്ഞു. ഈ രാജ്യങ്ങളുടെയെല്ലാം വിഭ
വസമ്പത്തുക്കളും ആൾബലവും ലോകമാകെ റഷ്യൻ—മേധാവി
ത്വം നടമാടുന്നതിനുവേണ്ടി സോവിയററു റഷ്യ ഇന്നു ചൂഷണം
ചെയ്തുകൊണ്ടിരിക്കയാണ്; സംശയമുണ്ടോ സഖാവേ!

ഫ്രാൻസിന്റെ കൊളോണിയലിസത്തോടു പടവെട്ടുന്ന
ഇൻഡോ ചൈനയുടെ സ്വാതന്ത്ര്യതൃഷ്ണയെ ചൂഷണം ചെയ്തു
കൊണ്ടു സ്വന്തം ഉദ്ദേശസാദ്ധ്യങ്ങൾക്കായി ആ നാടിനെ മുഴുവ
നും കുരുതി കഴിക്കുവാൻ ഒരുങ്ങി നില്ക്കയാണ് സോവിയററ്
റഷ്യയും അതിന്റെ ആജ്ഞാനുവർത്തിയായ ചൈനയും. ഉത്തര
കൊറിയായുടെ കാര്യം എല്ലാവർക്കും അറിയാം. അതുകൊ
ണ്ടു വിവരിക്കേണ്ട ആവശ്യമില്ല. പാവപ്പെട്ട ദക്ഷിണകൊ
റിയായുടെ മേൽ ചാടിവീണ് അതിന്റെ രക്തം ഊററിക്കുടിക്കു
ന്നതിനു വേണ്ട പ്രേരണയും പരിശീലനം ആയുധങ്ങളും ഉത്ത
രകൊറിയയ്ക്കു നൽകിയതാരാണ്? മാത്രമല്ല ലക്ഷക്കണക്കിനാള
കളേയും. സമാധാനത്തിന്റെ പൊള്ളവാക്കുകൾ കൊട്ടിഘോ
ഷിക്കുന്ന റഷ്യയും ചൈനയും. പേർഷ്യ ഇന്നു ഒരുപക്ഷേ, ഒരു
കമ്മ്യൂണിസ്റ്റ് രാജ്യമായിക്കഴിഞ്ഞുപോയേനെ, ട്രൂമാൻ സുധീരമാ
യ ഒരു നിലപാടു കൈക്കൊണ്ടു്, റഷ്യൻ പട്ടാളത്തെ പേർഷ്യൻ
മണ്ണിൽനിന്നു ഉടൻ പിൻവലിച്ചുകൊള്ളണമെന്നു് ഒരന്ത്യശാസ
നം റഷ്യയ്ക്കു നൽകാതിരുന്നെങ്കിൽ. ദക്ഷിണകൊറിയയെ 'കൊ
റിച്ച'തിനുശേഷം ജപ്പാനെ മലർത്തി അടിക്കാമെന്നു റഷ്യ വ്യാ
മോഹിച്ചുപോയി. പക്ഷേ, പററിയില്ല. ഇപ്പോൾ വല്ലവിധേ
നയും കൊറിയായിൽനിന്നു തലയൂരിക്കൊണ്ടു മാറിയാൽ മതി
യെന്നായിട്ടുണ്ട്, റഷ്യയ്ക്കും ചൈനയ്ക്കും.

റഷ്യയുടെ ഉപഗ്രഹരാജ്യങ്ങൾ ഇന്നു സ്വസ്ഥമല്ലാ. ഹംഗ
റിയിലെ റക്കോസി മന്ത്രിസഭ കുട്ടിക്കരണം മറിഞ്ഞതും പുതിയ
മന്ത്രിസഭ, താൽക്കാലികമായ അടവായിരിക്കാം, ചില നയവ്യ

തിയാനങ്ങൾ വരുത്തിയതും ഹംഗറിയിൽ കമ്മ്യൂണിസത്തിനു ഉലച്ചിൽ വന്നിട്ടുണ്ടെന്നുള്ളതു വ്യക്തമാകുന്നില്ലേ? ചെക്കസ്ലോവാക്കിയായിൽ തൊഴിലാളികൾ ഇളകിവശായതും ഒരു ഫാക്ടറിയിൽത്തന്നെ നാനൂറോളം തൊഴിലാളികളെ വെടിവെച്ചു വീഴ്ത്തിയതും കമ്മ്യൂണിസം അവിടെ വേണ്ടത്ര ദഹിച്ചിട്ടില്ലെന്നു കാണിക്കുന്നുണ്ടു്. പൂർവ്വ ബർളിനിൽ ഈയിടെയുണ്ടായ കലാപങ്ങളെക്കുറിച്ചു പ്രത്യേകം പറയാതിരിക്കയാണു് ഭേദം. ആയിരക്കണക്കിനു തൊഴിലാളികളാണു് അവിടെ റഷ്യൻ മേധാവിത്വത്തിനെതിരായി ഇളകിവശായതു്. ഹിററ്ലറുടെ കിരാതഭരണകാലത്തുപോലും അവർ ഇത്രയധികം കഷ്ടതകൾ അനുഭവിച്ചിട്ടില്ല. തൊഴിലാളികൾ പൂർവ്വബർളിനിൽ വമ്പിച്ച പ്രകടനങ്ങൾ നടത്തി. കൂടുതൽ കൂലിയും കൂടുതൽ സൗകര്യങ്ങളും വേണമെന്നു് ആവശ്യപ്പെട്ട തൊഴിലാളികൾക്കു ലഭിച്ചതു് റഷ്യൻ വെടിയുണ്ടകളും റഷ്യൻ ടാങ്കുകളുടെ ചുംബനങ്ങളുമായിരുന്നു. 569 തൊഴിലാളികൾ കൊല്ലപ്പെട്ടു. 1774 പേർക്കു മുറിവേററു. കൂടാതെ വേറെ 141 പേരും റഷ്യൻ തോക്കുകൾക്കിരയായി. അമേരിക്കൻ 'മൂരാച്ചി'കളും 'പിന്തിരിപ്പ'ന്മാരുമാണു് ഈ കലാപങ്ങളുടെയൊക്കെ കാരണമെന്നു കമ്മൂക്കൾ തട്ടിവിടുന്നുണ്ടു്. തൊഴിലാളികളുടെ സ്വർഗ്ഗമാണു് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളെങ്കിൽ, തൊഴിലാളികൾ അവിടെ സുഖസമൃദ്ധിയിൽ കഴിഞ്ഞു കൂടുന്നെങ്കിൽ, കമ്മ്യൂണിസ്റ്റ് തൊഴിലാളികൾ ഇങ്ങനെ അമേരിക്കൻ മൂരാച്ചികളുടെ കൊട്ടിനൊത്തു തുള്ളുമോ? എന്തായാലും ഇന്നാട്ടിലെ പ്രബുദ്ധരായ ഫാക്ടറിത്തൊഴിലാളികളും കർഷകത്തൊഴിലാളികളും റഷ്യയുടെ മയക്കുമരുന്നു അകത്താക്കി വയററുപിഴപ്പിനുവേണ്ടി നടക്കുന്ന കമ്മ്യൂണിസ്റ്റ് നേതാക്കളുടെ കൊട്ടിനൊത്തു തുള്ളാൻ നിശ്ചയിച്ചിട്ടില്ലതന്നെ.

ഇങ്ങനെ റഷ്യക്കു അകത്താക്കാനാവുന്നതിൽ കൂടുതൽ ആകംഭോദരി ശാപ്പിട്ടതിന്റെ ഫലമായി അജീർണ്ണതയുടെ പുളിച്ച

തികട്ടൽ വന്നുകഴിഞ്ഞു. ഇപ്പോൾ അവർ പറയുന്നു തനിക്കു സമാധാനം വേണമെന്ന്. ഉണ്ടുനിറഞ്ഞു ദഹനക്കേടുണ്ടായവനു ഉണ്ണെ ഒന്നും വേണ്ടപോലും!

## ആതിഥ്യപ്രേമം

"സോവിയറ്റ യൂണിയന്റെയും ചൈനയുടേയും ആതിഥ്യപ്രേമം എന്നെ വല്ലാതെ വിസ്മയിപ്പിച്ചിട്ടുണ്ട്" സഖാവ് ഗോപാലൻ പറയുകയാണ്. (മാതൃഭൂമി – '53 ജൂൺ 21)

സ്വന്തം വീട്ടിൽ ചെന്നിട്ട സഖാവ് അതിഥിയായിട്ടാണോ കഴിഞ്ഞുകൂടിയതു്? അതറിഞ്ഞിട്ട ഞങ്ങൾക്ക പുഞ്ചിരിയാണുണ്ടാകുക. സോവിയറ്റ റഷ്യയുടേയും ചൈനയുടേയും അതിഥികളായിപ്പോകുന്നവൎക്ക ചില യോഗ്യതകളൊക്കെ വേണം. അയാളുടെ നാട്ടിലെ കമ്യൂണിസ്റ്റ്പാർട്ടിയുടെ അയാൾക്കെതിരായി യാതൊന്നും പറയുവാനുണ്ടാകരുത്. പിന്നെ ഊണും തീനും കുടിയുമൊക്കെക്കഴിഞ്ഞാൽ ആതിഥേയരെ പൊക്കിപ്പറഞ്ഞുകൊണ്ടു നടക്കുന്ന ആളുമായിരിക്കണം. പക്ഷെ, ചില അതിഥികൾ കാര്യം കഴിയുമ്പോൾ തിരിഞ്ഞുനിൽക്കുന്ന കാഴ്ചയാണ് കാണേണ്ടതു്. ഉദാഹരണമായി സഖാവ് ശ്രീകണ്ഠൻനായരെത്തന്നെ എടുക്കാം. അദ്ദേഹം മാർക്സിയൻ തത്വവാദിയായ ഒരു ആർ. എസ്. പി. നേതാവാണ്. ഈയിടെ ചൈനയിൽപോയി മടങ്ങി. അദ്ദേഹം നൽകിയ ചൈനാവിശേഷങ്ങൾ ഇന്നാട്ടിലെ കമ്യൂണിസ്റ്റുകൾക്ക ഇപ്പോഴും വലിയ തലവേദനയുണ്ടാക്കുന്നുണ്ട്. താനൊരു മാർക്സിസ്റ്റായിരുന്നിട്ടും കമ്യൂണിസ്റ്റ്കാർ—മുണ്ടശ്ശേരിയുൾപ്പെടെ—കൊട്ടിഘോഷിക്കുന്നതുപോലെയുള്ള അഭിവൃദ്ധിയൊന്നും താൻ അവിടെ കണ്ടില്ലെന്നും അവിടെ വ്യക്തിസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവുമൊന്നുമില്ലെന്നുമൊക്കെ സഖാവ് ശ്രീകണ്ഠൻനായർ പറഞ്ഞുപിടിപ്പിച്ചുകളഞ്ഞു. ഇനിയും അദ്ദേഹത്തി

ന്ന ചൈനാ യാത്രക്കാരും റഷ്യൻ യാത്രക്കാരുമൊക്കെ അനുഭവം ലഭിക്കുന്നതു കണ്ടുതന്നെ അറിയണം.

സഖാവ് ഗോപാലൻ പറയുന്നു: "ഇന്ത്യയും സോവിയററ യൂണിയനും തമ്മിൽ ദൃഢമായ സൗഹാർദ്ദബന്ധത്തിലേർപ്പെടണം. ഇന്ത്യയും ചൈനയും സോവിയററ യൂണിയനും ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ പിന്നെ യുദ്ധമുണ്ടാവില്ല. ഇത്തരം ആശയഗതിയാണ് ഇന്ത്യയെപ്പററി സാധാരണ ജനങ്ങൾക്കുള്ളതു്." (മാതൃഭൂമി ആഴ്ചപ്പതിപ്പ് - '53 ജൂൺ 21)

സഖാവ് ഗോപാലനൊന്നു ധരിച്ചാൽ കൊള്ളാം: നാട്ടുകാരുടെ മുമ്പിൽ ഈ ഒളിച്ചുകളിയൊന്നും വിലപ്പോവില്ല. സഖാവ് ഈ വാചകങ്ങളിൽ ഒളിച്ചുവച്ചിരിക്കുന്ന രാഷ്ട്രീയ 'ഗുട്ടൻസ്' അവർക്കു തിരിയും. സഖാവിൻെറ ആശയങ്ങളുടെ പൊരുളും അവർക്കു വ്യക്തമാണ്. കിഴക്കൻ യൂറോപ്പിൽ റഷ്യയുമായി, കമ്മ്യൂണിസ്റ്റുകളുടെ നോട്ടത്തിൽ, ദൃഢസൗഹാർദ്ദബന്ധമുള്ള രാജ്യങ്ങളുടെ സ്ഥിതിയും ചൈനയുടെ സ്ഥിതിയുമൊക്കെ രാഷ്ട്രീയപ്രബുദ്ധതയുള്ള നാട്ടുകാർക്കറിയാം. ഇൻഡ്യാ ഇന്നു് ലോകരാഷ്ട്രങ്ങളുടെയിടയിൽ മഹനീയമായ ഒരു സ്ഥാനം നേടിക്കഴിഞ്ഞു. ഇനിയും ഇൻഡ്യ മഹനീയതയിൽ കൂടുതൽ കൂടുതൽ മുന്നേറുകയും ചെയ്യും. ഇൻഡ്യ യാതൊരു ചേരിയിലും നിൽക്കാതെ എല്ലാ രാജ്യങ്ങളുമായി സൗഹാർദ്ദതയിൽ കഴിയുന്നു. പക്ഷേ, ഇൻഡ്യയുടെ മണ്ണിൽ ജനിച്ചുവളന്ന ഈ റഷ്യൻ പ്രേമികളായ സഖാക്കൾക്കു ഇന്നാവശ്യം ഇൻഡ്യയെ കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങളെപ്പോലെ കമ്മ്യൂണിസ്റ്റാക്കുകയും റഷ്യയുടെ പൊൽപ്പിടിയിലാക്കുകയും ചെയ്തു് തങ്ങളുടെ രീതിയിൽ ആ സൗഹാർദ്ദത്തെ ദൃഢപ്പെടുത്താനാണ്. അക്കാര്യം നടക്കാൻ പോകുന്നില്ലതന്നെ.

## എന്തു്? മതസ്വാതന്ത്ര്യമോ?

മതപരമായ ജീവിതത്തിൽ അഭിരുചിയുള്ളവരാണ് നാട്ടുകാരെന്നു് സഖാവ് ഗോപാലനും മററു റഷ്യൻ പ്രേമികൾക്കും നല്ല

തുപോലെ അറിയാം. അപ്പോൾ, കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതി വന്നാൽ ജനങ്ങൾക്കു മതപരമായ സ്വാതന്ത്ര്യം തീർച്ചയായും ഉണ്ടായിരിക്കുമെന്നൊരു പ്രതീതി നാട്ടുകാരിലുളവാക്കിയാൽ കാൎയ്യം പകുതി നേടിക്കഴിഞ്ഞു, എന്നവർ ഗ്രഹിച്ചിട്ടുമുണ്ട്. ഇങ്ങനെ ഈശ്വരവിശ്വാസമുള്ള ആളുകളുടെയിടയിൽ നുഴഞ്ഞുകയറി പ്രവൎത്തിക്കുന്നതിനും അവരിൽ ചിന്താക്കുഴപ്പം കുത്തിവച്ച് മുതലെടുക്കുന്നതിനും മതത്തിൻെറയും മനുഷ്യത്വത്തിൻെറയും അടിത്തറ മാന്തുന്ന കമ്മ്യൂണിസ്റ്റുകളുടെ ഈ ജാലവിദ്യ കാണുമ്പോൾ സഖാക്കളുടെ കൊടുംവഞ്ചനയും ഓന്തിനെപ്പോലെ നിറം മാറാനുള്ള സാമൎത്ഥ്യവും നാട്ടുകാർ ശരിക്കു മനസ്സിലാക്കിത്തന്നെ വരികയാണ്.

സഖാവിൻെറ ജല്പനം കേൾക്കുക:

“ദൈവമില്ലാത്ത നാടാണ് സോവിയററ യൂണിയനെന്നു പറയാറുണ്ടല്ലോ. പക്ഷെ, ഞാൻ കയറിയ വിമാനം ഹിമവർഷത്തിൽ കുളിച്ചുനില്ക്കുന്ന മോസ്ക്കോ നഗരത്തിൻെറമേലെ താണു പറന്നപ്പോൾ എൻെറ ദൃഷ്ടിയിൽ ആദ്യം പെട്ടതു പള്ളികളുടെ ഗോപുരങ്ങളായിരുന്നു............മതത്തിൻെറ ശത്രുവെന്നു ഇന്ത്യാക്കാൎക്കു പലപ്പോഴും വിവരിച്ചു കൊടുക്കപ്പെട്ടിട്ടുള്ള ഒരു രാജ്യത്ത് പുത്തനോ, പുതുക്കി പണിചെയ്തതോ ആയ ചർച്ചുകൾ നൂറുകണക്കിൽ കണ്ടപ്പോൾ എനിക്കത്ഭുതം തോന്നി.” (മാതൃഭൂമി ആഴ്ച. ’53-ജൂൺ 28.)

ഇത്രയും വാചകങ്ങൾക്കിടയിൽ സഖാവു തിരുകിക്കൊള്ളിച്ചിട്ടുള്ള ആശയങ്ങൾ കുറെയേറെയുണ്ട്.

1) കമ്മ്യൂണിസത്തിൻെറ നിരീശ്വരപരമായ നിലപാടിനെക്കുറിച്ചു അദ്ദേഹം മൗനം ഭജിക്കുന്നു. ആ മൗനത്തിൽ കമ്മ്യൂണിസം നിരീശ്വരപരമല്ലെന്നുള്ളൊരു ധ്വനികൂടിയുണ്ട്.

2) കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ മതം ഉൽക്കർഷം പ്രാപിക്കുന്നു എന്നൊരാശയം ആപ്പുപോലെ അടിച്ചു കയററിയിരിക്കുന്നു.

3) സോവിയററ് നാട്ടിൽ പരിപൂർണ്ണമായ മതസ്വാതന്ത്ര്യം ഇന്നുണ്ടെന്നു അദ്ദേഹം ഉൽഘോഷിക്കുന്നു.

4) റഷ്യയിൽ മതത്തിനെതിരായി യാതൊരുവിധ മർദ്ദനങ്ങളും കമ്മ്യൂണിസം നടത്തിയിട്ടില്ലെന്നുള്ള ഒരു ധാരണ പരത്താൻ അദ്ദേഹം ഒരുമ്പെടുന്നു.

5) കമ്മ്യൂണിസത്തെക്കുറിച്ചു ഇൻഡ്യയിൽ ധാരാളം കള്ളപ്രചരണങ്ങളാണു നടക്കുന്നതു് എന്നദ്ദേഹം വിലപിക്കുന്നു.

## തികച്ചും നിരീശ്വരപരമല്ലേ കമ്മ്യൂണിസം?

“വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദമാണ് കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രം. അതിൽ ഭൗതികമല്ലാത്ത യാതൊന്നിനും സ്ഥാനമില്ല; വേറൊരുവിധത്തിൽ പറഞ്ഞാൽ, മനുഷ്യൻ കേവലമൊരു ഇരുകാലിമൃഗം മാത്രമാണ്. അവന് അമർത്ത്യവും അമൂർത്തവുമായ ഒരാത്മാവില്ല. ആത്മാവില്ലെങ്കിൽ മതത്തിനു യാതൊരു സ്ഥാനവുമില്ലല്ലോ. ഈശ്വരൻ എന്നുള്ള ആശയംതന്നെ ബൂർഷ്വാകൾ തങ്ങളുടെ സാമ്പത്തിക ഭദ്രത നിലനിറുത്തുവാൻവേണ്ടി കണ്ടുപിടിച്ച ഒരാശയമാണ്. മനുഷ്യജീവിതത്തിന്റെ എല്ലാ വശങ്ങളും സാമ്പത്തികാശയങ്ങളുടെ പ്രതിഭാസങ്ങൾ മാത്രമാണ്.” ഇതാണ് കമ്മ്യൂണിസം പഠിപ്പിക്കുക.

ഇപ്പറഞ്ഞതു വിശ്വാസമില്ലെങ്കിൽ കമ്മ്യൂണിസ്റ്റുകളുടെ മൂത്തപ്പന്മാർ പറയുന്നതു ശ്രദ്ധിക്കുക.

“മതവും കമ്മ്യൂണിസവും തത്വത്തിലും പ്രയോഗത്തിലും പരസ്പരവിരുദ്ധങ്ങളത്രെ.” (കാറൽ മാർക്സ്)

‘മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്’ എന്ന മാർക്സിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു ലെനിൻ പ്രസ്താവിക്കുകയാണ്, ‘ഈ ആശയം മതത്തെ സംബന്ധിച്ചിടത്തോളം മാർക്സിയൻ തത്വം മുഴുവന്റെയും മൂലക്കല്ലാണ്.’ (“On Religion” by Lenin)

അപ്പുസ്തകത്തിൽ തന്നെ ലെനിൻ ഒട്ടും സങ്കോചമില്ലാതെ തട്ടിവിടുന്നു: “മതപരമായ ഏതൊരാശയവും അവാച്യമായ അറപ്പു ജനിപ്പിക്കുന്നതത്രെ.”

"നമ്മൾ മതത്തെ എതിർക്കതന്നെ വേണം. ഇതാണ് മാർക്സിയൻ സിദ്ധാന്തത്തിൻെറ എ. ബി. സി. ഒരു മാർക്സിസ്റ്റ് മതത്തിൻെറ ശത്രുവായിരിക്കണം...........നമ്മുടെ പരിപാടിയുടെ ഒരവശ്യഘടകമാണ് നിരീശ്വരത്വപ്രചരണം."('(On Religion' by Lenin)

Sherwood Eddy എഴുതിയ Challenge of Russia എന്ന കൃതിയിൽ 1927 സെപ്തംബർ 15-ാംനു- അമേരിക്കൻ ഡെലഗേഷനുമായി സ്റ്റാലിൻ നടത്തിയ അഭിമുഖസംഭാഷണം രേഖപ്പെടുത്തിയിരിക്കുന്നു:

"മതത്തിൻെറ കാര്യത്തിൽ കമ്യൂണിസ്റ്റ് പാർട്ടി വിരുദ്ധ പ്രചരണങ്ങളുടെ വികസനത്തിനുവേണ്ടിയുള്ള പ്രക്ഷേപണങ്ങളെ തടസ്സപ്പെടുത്തുന്ന കമ്യൂണിസ്റ്റുകാർക്ക പാർട്ടിയിൽ സ്ഥാനമില്ല."

മതചിന്തയുള്ളിടത്ത് കേവലം ഭൗതികപരമായ ചിന്തകളോടുകൂടിയ ഈ നശീകരണപ്രസ്ഥാനം ജനങ്ങളെ വഞ്ചിച്ചുകൊണ്ടാണ് മുളയെടുക്കുന്നതുതന്നെ. ഇന്നാട്ടിൽ തന്നെ മതവും കമ്യൂണിസവും ഒത്തിണങ്ങിപ്പോകുമെന്നു കരുതുന്ന അനേകരുണ്ട്. സഖാക്കളുടെ കള്ളപ്രചരണങ്ങളുടെ ഫലമായിട്ടാണ് അവരങ്ങനെ വിചാരിക്കുന്നത്. കമ്യൂണിസത്തിൻെറ കാർകാളം നിറഞ്ഞ പത്തി ഒതുക്കിവച്ചുകൊണ്ടാണ് അതു നാട്ടുകാരുടെ മുന്നിൽ അരങ്ങേറുന്നത്.

മി. ഗോപാലൻ, കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ മതത്തിനു പൂർണ്ണസ്വാതന്ത്ര്യമുണ്ടെന്നു പറഞ്ഞു സാധുക്കളെ കബളിപ്പിക്കുന്ന താങ്കളുടേയും മററു സഖാക്കളുടേയും പ്രസ്താവനകൾ കമ്യൂണിസ്റ്റ് പ്രണേതാക്കളുടെ അഭിപ്രായത്തിനനുയോജ്യമാണോ?

## കമ്യൂണിസ്ററ് വ്യവസ്ഥിതിയിൽ മതം ഉൽക്കർഷം പ്രാപിക്കുകയോ?

ഈശ്വരൻെറ പിതൃത്വവും മനുഷ്യൻെറ ഭ്രാതൃത്വവും മതം ഉയർത്തിക്കാണിക്കുന്നു. എല്ലാ മനുഷ്യരും സമത്വമുള്ളവരാകുന്നു

വെന്നുള്ളതു് മതപരമായ ആശയത്തിൽനിന്നാണുയിരെടുക്കുന്നതു്. എല്ലാവരും ഈശ്വരൻെറ സന്താനങ്ങളാകയാൽ സമത്വമുള്ളവരാണു്. അല്ലാതെ യാതൊരുവിധത്തിലും മനുഷ്യർ സമത്വത്തോടുകൂടി ജനിക്കുന്നുമില്ല. ജീവിക്കുന്നുമില്ല; ഇങ്ങനെ മനുഷ്യർ തമ്മിൽ സമത്വമുണ്ടെന്നുള്ള ആശയംതന്നെ മതപരമാകയാൽ മനുഷ്യൻ യാതൊരുത്തൻെറയും അടിമയാകുന്ന വ്യവസ്ഥിതി മതപരമായ ചിന്താഗതിക്കെതിരാണു്, മനുഷ്യനെ രാഷ്ട്രത്തിൻെറ അടിമയാക്കിവച്ചുകൊണ്ടിരിക്കുന്ന യാതൊരു വ്യവസ്ഥിതിക്കും മതത്തിൻെറ ഹാർദ്ദമായ പിന്തുണ ലഭിക്കുകയില്ല, അപ്പോൾ അപ്രകാരമുള്ള വ്യവസ്ഥിതി, അതും കേവലം ഭൗതികമാത്രപരമായ ചിന്തകളിൽ കരുപ്പിടിപ്പിച്ചെടുത്തിട്ടുള്ള വ്യവസ്ഥിതി, മതത്തിൻെറ ഉൽകർഷത്തിനു നിദാനമാകുമെന്നു പറയുമ്പോൾ കുറുക്കൻെറ മാളത്തിൽ കോഴിക്കുഞ്ഞിനു സസുഖം ജീവിക്കാമെന്നും സിംഹത്തിൻെറ ഗുഹയിൽ ആട്ടിൻകുട്ടിക്കു സിംഹവുമൊന്നിച്ചു വസിക്കാമെന്നും പറയുന്നതിനു തുല്യമാണു്. കമ്യൂണിസ്റ്റ് വിപ്ലവം റഷ്യയിലുണ്ടായതിനുശേഷം റഷ്യയിൽ നടന്നിട്ടുള്ളതും കമ്യൂണിസത്തിൽ വഞ്ചിതരായി വീണുപോയ മററു രാജ്യങ്ങളിൽ നടന്നിട്ടുള്ളതുമായ സംഭവങ്ങൾ വിളിച്ചുപറയുന്ന ഒരു പരമാർത്ഥമുണ്ടു്, കമ്യൂണിസം മതത്തിൻെറ നാരായവേരിനുപോലും കത്തിവയ്ക്കുന്ന ഒന്നാണെന്നു്.

## കമ്യൂണിസ്റ്റ് രാജ്യങ്ങളിലെ മതമർദ്ദനങ്ങൾ

സഖാവു ഗോപാലൻ പ്രസ്താവിക്കുന്നു:

"ഒക്ടോബർ വിപ്ലവം റഷ്യൻ പൗരനു പരിപൂർണ്ണമായ മതവിശ്വാസസ്വാതന്ത്ര്യം നേടിക്കൊടുത്തു."

1918-ൽ സോവ്യററ ഗവൺമെണ്ടു് പുറപ്പെടുവിച്ച ചട്ടം സഖാവിൻെറ വാക്കുകളിൽതന്നെ ഉദ്ധരിക്കാം.

1) പള്ളിയെ സർക്കാരിൽനിന്നും വേർതിരിച്ചിരിക്കുന്നു.

2) മതവിശ്വാസസ്വാതന്ത്ര്യത്തെ തടയുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നതോ, പൗരന്മാരുടെ മതവിശ്വാസങ്ങളെ അടിസ്ഥാനപ്പെടുത്തി പ്രത്യേകമായി ഏതെങ്കിലും ആനുകൂല്യമോ അവകാശങ്ങളോ നൽകുന്നതോ ആയ ഏതൊരു പ്രാദേശികനിയമങ്ങളും കല്പനകളും റിപ്പബ്ലിക്കിനകത്തു് ഒരിടത്തും പുറപ്പെടുവിക്കുന്നതിനെ നിരോധിച്ചിരിക്കുന്നു.

3) എല്ലാ പൗരന്മാർക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാം, ഒരു മതത്തിലും വിശ്വസിക്കാതിരിക്കാം.

'മതസ്വാതന്ത്ര്യം' എന്ന സുന്ദരപദം കമ്യൂക്കൾ എടുത്തു കൈകാര്യം ചെയ്യുമ്പോൾ നാട്ടുകാർ വിചാരിക്കുന്നതു് ഇന്നാട്ടിലേതുപോലെയുള്ള മതസ്വാതന്ത്ര്യം റഷ്യയിലും മററു കമ്യൂണിസ്റ്റ് രാജ്യങ്ങളിലും ഉണ്ടെന്നാണ്. ആ വിചാരം പരമാബദ്ധമാണ്.

## റഷ്യയിൽ എന്താണ് നടന്നതു് ?

മതാരാധന നടത്തുന്ന സ്ഥലങ്ങളെല്ലാം സർക്കാർ കൈവശപ്പെടുത്തി. മിക്ക പള്ളികളും മതവിരുദ്ധത പ്രചരിപ്പിക്കുന്നതിനുള്ള കാഴ്ചബംഗ്ലാവുകളായി മാററി. മററനേകം പള്ളികളെ, സ്കൂളുകൾ, ക്ലബ്ബുകൾ, താമസസ്ഥലങ്ങൾ, തൊഴിൽശാലകൾ ഇവയായി രൂപാന്തരപ്പെടുത്തി. പത്രങ്ങൾ ഈശ്വരാസ്തിക്യം നിഷേധിച്ചുകൊണ്ടും മതത്തേയും പുരോഹിതന്മാരേയും അവഹേളിച്ചുകൊണ്ടും ലേഖനങ്ങൾ തുരുതുരെ പ്രസിദ്ധപ്പെടുത്തി. വൈദികന്മാരെ സർക്കാർ നിഷ്ഠുരണം വേട്ടയാടി. വൈദികാഭ്യസനം നല്കുന്ന മതപാഠശാലകൾ നിരത്തലാക്കപ്പെട്ടു. കഴുത്തിനുമുകളിൽ തല സൂക്ഷിക്കുവാൻ ഭാഗ്യം ലഭിച്ച വൈദികർക്കു ജീവസന്ധാരണം നിർവഹിക്കുന്നതിനുള്ള ചുററുപാടുകൾപോലും ഇല്ലാതായി. ചില ഗ്രാമീണഭവനങ്ങളിൽ വൈദികർക്കു അഭയം ലഭിച്ചു; പക്ഷെ, അഭയം നൽകിയ ഗ്രാമീണർ കൂടുതൽ മർദ്ദനങ്ങൾക്കു വിധേയരായി.

സർക്കാരിന്റെ വകയായുള്ള തൊഴിൽശാലകളിലും തൊഴിൽകേന്ദ്രങ്ങളിലും വിദ്യാലയങ്ങളിലുമെല്ലാം നിരീശ്വരത്വം പരത്തുക ഭരണകൂടത്തോടുള്ള കൂറായി വ്യാഖ്യാനിക്കപ്പെട്ടു. കോംസോമോൾ അഥവാ യുവജനസംഘടന തികച്ചും നിരീശ്വരപരമായ രീതിയിൽ മുന്നോട്ടുപോയി. അസാന്മാർഗ്ഗിക പ്രവൃത്തികൾ നാട്ടിൽ വർദ്ധമാനമായി. Union of the Godless—നിരീശ്വരന്മാരുടെ സംഘടന—എന്നൊരു സംഘടനതന്നെ പ്രവർത്തനത്തിലേർപ്പെട്ടു. എമിലിയൻ യാരോസ്ലാവിസ്കിയായിരുന്നു അതിന്റെ നേതാവ്. റഷ്യൻ രാഷ്ട്രീയമണ്ഡലങ്ങളിൽ വളരെ സ്വാധീനം അയാൾക്കുണ്ടായിരുന്നു. നിരീശ്വരസംഘടന എല്ലാ ദിക്കിലും പ്രവർത്തിച്ചുപോന്നു, ഭരണകൂടം അതിനെ സഹായിച്ചുംപോന്നു.

"Life Under The Soviets" എന്ന പേരിൽ കമ്മ്യൂണിസ്റ്റനുഭാവിയായ മി. അലക്സാണ്ടർ വിക്ക്സ്റ്റീഡ് ഒരു ഗ്രന്ഥമെഴുതിയിട്ടുണ്ട്. റഷ്യയെ വാനോളം പുകഴ്ത്തിയാണ് അദ്ദേഹം എഴുതിയിരിക്കുന്നതെന്നും ഓർക്കണം. പക്ഷേ, തന്റെ ഗ്രന്ഥത്തിൽ ചില യാഥാർത്ഥ്യങ്ങൾ അദ്ദേഹം എഴുതിവിട്ടിട്ടുണ്ട്. സഖാവു ഗോപാലൻ സ്തുതിക്കുന്ന 1918-ലെ ഭരണഘടന നടപ്പിലായതിന്റെ ശേഷം റഷ്യയിൽ സംഭവിച്ചതെന്തെന്നു അദ്ദേഹം പ്രസ്താവിക്കുന്നു: "പള്ളി വക വസ്തുക്കളെല്ലാം സർക്കാർ പിടിച്ചെടുത്തു, പള്ളികളിൽ കലാപരവും ചരിത്രപരവും ആയി വിലയുള്ള വസ്തുക്കൾ കാഴ്ചബംഗ്ലാവുകളിലേക്കു മാററി. സന്യാസമന്ദിരങ്ങളെല്ലാം സർക്കാർ തച്ചുടച്ചു. അവയുടെ വസ്തുക്കളെല്ലാം സർക്കാർ കണ്ടുകെട്ടി. സന്യാസികൾ ചിതറിക്കപ്പെട്ടു. ചില സന്യാസമന്ദിരങ്ങൾ പട്ടാളസങ്കേതങ്ങളായി. ചിലതു് കാഴ്ചബംഗ്ലാവുകളായി, ഞാൻ സന്ദർശിച്ചതിൽ ഒരെണ്ണം ഭ്രാന്താലയമായി മാററപ്പെട്ടിരുന്നു; മറെറാന്നു ഒരു വിശ്രമമന്ദിരമായും, ചെറുപ്പക്കാരായ സന്യാസികളെ ചെമ്പടയിൽ ചേർക്കുന്നതിനു കൊണ്ടുപോയി."
(Life Under The Soviets—Page 142—143)

വിപ്ലവത്തിനു മുൻപ്, അതായത് 1917-ൽ റഷ്യൻ ഓർത്തഡോക്സ് സഭയ്ക്ക് 46457 ദൈവാലയങ്ങളുണ്ടായിരുന്നു; 1941ൽ 4225 മാത്രം. 1917-ൽ 50960 വൈദികരുണ്ടായിരുന്നു. 1941-ൽ 5665 മാത്രം. 1917-ൽ 1026 സന്യാസഭവനങ്ങളുണ്ടായിരുന്നു; 1941-ൽ കേവലം 38 മാത്രം. 1918നും 1920നും ഇടയ്ക്കു റഷ്യയിൽ 26 കത്തോലിക്കാമെത്രാന്മാരും 1200 വൈദികരും വധിക്കപ്പെട്ടു.

സഖാവു ഗോപാലന്റെ ഭാഷയിൽ ഒക്ടോബർ വിപ്ലവം റഷ്യൻ പൗരനു പരിപൂർണ്ണമായ മതസ്വാതന്ത്ര്യം നേടിക്കൊടുത്തതിന്റെയും റഷ്യൻ മോഡൽ ഭരണത്തിൽ മതത്തിനുള്ള സ്വാതന്ത്ര്യസ്ഥാനത്തിന്റെയും ഫലം കാണുക!

1918-ലെ ഭരണഘടനയിൽ 'മതവും നിർമ്മതത്വവും പ്രചരിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം' ഓരോ റഷ്യൻ പൗരനുമുണ്ടായിരുന്നു. 1936-ൽ ഭരണഘടന ഭേദഗതി ചെയ്യവേ മതപരമായ ആചാരാനുഷ്ഠാനങ്ങളെ നിരോധിക്കണമെന്നുണ്ടായ ഭേദഗതി സ്റ്റാലിൻ നിരാകരിച്ച കാര്യം സഖാവു ഗോപാലൻ എടുത്തുപറയുകയും ഭരണഘടനയിലെ 124-ാം വകുപ്പ് എടുത്തുദ്ധരിക്കുകയും ചെയ്യുന്നു. എന്നാൽ മതം പ്രചരിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം കടലാസ്സിലെങ്കിലും 1918-ലെ ഭരണഘടനയിലുണ്ടായിരുന്നു. അതാണ് 1936-ൽ ഈശ്വരാരാധനാസ്വാതന്ത്ര്യമായി മാററിയത്. അതേസമയം മതവിരുദ്ധപ്രചരണസ്വാതന്ത്ര്യത്തിനു ഭരണഘടന അംഗീകാരം നൽകിയിട്ടുമുണ്ട്. ഇതിന്റെ അർത്ഥം വ്യാഖ്യാനിക്കേണ്ട ആവശ്യമില്ല. എങ്കിലും ഈ വ്യതിയാനത്തിന്റെ കള്ളി പുറത്തുവിടാതെ സ്റ്റാലിനു മതത്തോടുള്ള പ്രതിപത്തിയുടെ പ്രതിരൂപമെന്നുള്ള നിലയിൽ ഭരണഘടനയിലെ ഉപാക്ഷേപത്തെപ്പററി സഖാവു തട്ടിമ്മൂളിപ്പിക്കുന്നതു് നാട്ടുകാരെ വഞ്ചിക്കുന്നതിനല്ലെങ്കിൽ പിന്നെയെന്തിനാണ്?

ഘോരഘോരമായ മർദ്ദനങ്ങൾമൂലം മതത്തെ മനുഷ്യഹൃദയത്തിൽനിന്നും നിഷ്കാസനം ചെയ്യുവാൻ കമ്മ്യൂണിസം ശ്രമിച്ചുനോ

ക്കി. സാധിച്ചില്ല. വെറുതെയല്ലാ, വിദ്യാഭ്യാസരംഗത്തുനിന്നും മതത്തെ പറിച്ചെറിയുന്നതിനു അക്ഷീണയത്നംചെയ്ത വിദ്യാഭ്യാസവകുപ്പിന്റെ കമ്മീസാറായ സഖാവ് ലൂണാക്കാർസ്കി പറഞ്ഞതു് “മതം ഒരാണിപോലെയാണ്. നിങ്ങൾ അതിന്മേൽ എത്രമാത്രം ശക്തിയോടുകൂടി ആഞ്ഞടിയ്ക്കുന്നുവോ, അത്രയധികം അതു തടിയിലേക്കു ചുഴിഞ്ഞിറങ്ങും” എന്നു്.

Mr. Arthur Koestler എന്ന ദേഹം The Yogi and the Commissar എന്ന തന്റെ സുപ്രസിദ്ധമായ ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു: “ഒരു പുതിയ സാന്മാർഗ്ഗികമേഖലയിൽ ഒരു പുതിയതരം മനുഷ്യസമുദായത്തെ സൃഷ്ടിക്കുന്നതിനുള്ള ലക്ഷ്യത്തിൽ റഷ്യൻ വിപ്ലവം പരാജയമടഞ്ഞിരിക്കുന്നു. അതിന്റെ പരാജയത്തിനുള്ള അന്തിമകാരണം പത്തൊൻപതാംശതകത്തിലെ വരണ്ട ഭൗതികവാദം അതിന്റെ വിശ്വാസസംഹിതയാക്കിയതത്രേ. മനുഷ്യന്റെ ആദ്ധ്യാത്മികമായ ഭക്ഷണത്തിനുള്ള ആവശ്യം അതു അംഗീകരിച്ചില്ലതന്നെ.” (The Yogi and the Commissar 1945 p. 200)

രണ്ടാംലോകമഹായുദ്ധത്തിൽ സോവിയററുയൂണിയനു അപ്രതീക്ഷിതമായ ചില അടികളെല്ലാംപററി. ജർമ്മനി റഷ്യയുടെ നല്ലൊരുഭാഗം വെട്ടിവിഴുങ്ങി, എങ്ങനെയെങ്കിലും യുദ്ധം ജയിച്ചാൽ മതിയെന്നായി സ്റ്റാലിനും സഖാക്കൾക്കും. അതേവരെ ശത്രുപാളയമായി കരുതപ്പെട്ടുപോന്ന അമേരിക്കയോടും ബ്രിട്ടനോടും റഷ്യ സഖ്യതയിലേർപ്പെട്ടു. ആ സഖ്യതയുടെ ഫലമായി ചില വിട്ടുവീഴ്ചകളൊക്കെ ചെയ്യാതെ ഗത്യന്തരമില്ലാതായി. കൂടാതെ വിട്ടുവീഴ്ചകൾവഴി ലോകമെങ്ങും റഷ്യയോടു കൂറുള്ളവരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനും സ്റ്റാലിൻ തുടങ്ങിയ സഖാക്കൾക്കുദ്ദേശമുണ്ടായിരുന്നു. അങ്ങനെ ജനങ്ങളുടെ മതപരമായ പ്രവണതകളെ കമ്മ്യൂണിസ്റ്റ് ഇംപീരിയലിസത്തിന്റെ പ്രചരണത്തിനു വേണ്ടി വിനിയോഗിക്കുവാൻ സ്റ്റാലിൻപ്രഭൃതികൾ തീർച്ചയാക്കി.

റഷ്യയിൽ മുമ്പുണ്ടായിരുന്നതിൽ കൂടുതൽ മതസ്വാതന്ത്ര്യം നൽകപ്പെട്ടു. ഇന്നു റഷ്യയിലെ ഓൎത്തഡോക്സ് സഭ റഷ്യൻ കമ്യൂണിസത്തിന്റെ ഒരു പ്രചരണോപകരണമായി അധഃപതിച്ചിരിക്കുന്നു. വെറുതെയല്ലാ, റഷ്യൻ ഓൎത്തഡോക്സ് സഭയിലെ പുരോഹിതന്മാരും ഇതരരാജ്യങ്ങളിൽനിന്നു ചെല്ലുന്ന കമ്യൂണിസ്റ്റ് പ്രേമികളും ഒന്നിച്ചുനിന്നുകൊണ്ടുള്ള ഫോട്ടോകൾ എടുക്കപ്പെടുന്നതും സഖാവ് ഗോപാലനെപ്പോലെയുള്ളവർ അവ നാട്ടിൽ പ്രചരണത്തിന്നുപയോഗിക്കുന്നതും.

മതപരമായ ഒരു സമൂഹം റഷ്യയിലിന്നു സംഘടിപ്പിക്കപ്പെടാം; പക്ഷെ, പ്രാദേശിക കമ്മീസറുടെ പ്രത്യേക അനുവാദത്തോടുകൂടിമാത്രം. അവക്കുപയോഗിക്കുന്നതിന്നു സൎക്കാർ പിടിച്ചെടുത്തിട്ടുള്ള പള്ളികളിൽ ചിലതു കമ്മീസർ വിട്ടുകൊടുക്കും. പണിക്കു സ്വന്തം വസ്തുവകകളില്ല. യാതൊരു തരത്തിലുമുള്ള മതപ്രചരണം പാടില്ലതാനും. സാമൂഹികമായ യാതൊരു രംഗത്തും വെറും റിലീഫ് പ്രവൎത്തനരംഗത്തുപോലും പള്ളി ഏൎപ്പെട്ടുകൂടാ. ഇത്രയുമൊക്കെ സ്വാതന്ത്ര്യം ഇന്നു മതത്തിന്നു റഷ്യയിലുണ്ടു.

റഷ്യയിൽ സൎക്കാരിൽനിന്നു വേർപ്പെടുത്തിയതായി ഒന്നുമില്ലെന്നുള്ളതാണ് പരമാൎത്ഥം. റഷ്യൻ പൗരന്റെ ജീവിതത്തെ എല്ലാത്തുറകളിലും നിയന്ത്രിക്കുന്നതു കമ്യൂണിസ്റ്റ് ഇംപീരിയലിസത്തിന്റെ സ്വേച്ഛാപ്രമത്തതയത്രേ. സാമൂഹികജീവിതമായാലും കൊള്ളാം, സാമ്പത്തികരംഗമായാലും കൊള്ളാം, മതപരമായ അനുഷ്ഠാനങ്ങളായാലും കൊള്ളാം, അവ ഏതുപ്രകാരം കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ നിലനില്ക്കണമെന്നു ക്രെംലിൻ കോട്ടയിൽ ഭൗതികസുഖങ്ങളുടെ കുമ്പാരങ്ങളിൽ കഴിഞ്ഞുകൂടുന്ന സഖാക്കൾ നിൎണ്ണയിച്ചുകൊള്ളും.

മുസ്ലീമങ്ങൾ പൊതുവെ എല്ലായിടത്തുമെന്നപോലെ ഇന്നാട്ടിലും കമ്യൂണിസത്തിന്റെ ബദ്ധവിരോധികളാണ്. നിൎഭാഗ്യവശാൽ സോവിയറ്റ് യൂണിയനിൽ ലക്ഷക്കണക്കിന്നു മുസ്ലീമങ്ങളുണ്ടു. ഈശ്വരവിശ്വാസികളെന്നുള്ള കാരണത്താൽ അവരും

വേട്ടയാടപ്പെട്ടവരാണ്. അടുത്തകാലത്ത് മർദ്ദനങ്ങൾക്കയവുവരുത്തിയപ്പോൾ മതാചാരാനുഷ്ഠാനത്തിനു അവർക്കും കുറെ സ്വാതന്ത്ര്യമൊക്കെ കിട്ടിയിട്ടുണ്ട്. ഈ സ്വാതന്ത്ര്യത്തിന്റെ ചിത്രം കാണിച്ചുകൊണ്ട് ലോകമെങ്ങുമുള്ള മുസ്ലീമിങ്ങളെ കമ്മ്യൂണിസത്തിന്റെ ഇരുമ്പുനുകത്തിനുള്ളിലിട്ടു മുറുക്കാമെന്നാണ് റഷ്യ കരുതുന്നത്. ഗവർമ്മേണ്ടിന്റെ പ്രചരണക്കൂത്തുകൾക്ക തുള്ളാനും അന്നാട്ടിൽ ചില മുസ്ലീമിങ്ങളുണ്ട്. സഖാവു ഗോപാലൻ അന്നാട്ടിലെ മുസ്ലീമങ്ങളുടെ ചില ആകർഷകചിത്രങ്ങൾ ഒക്കെ കാണിക്കാൻ നോക്കുന്നുമുണ്ട്. അദ്ദേഹം മുസ്ലിം ദേവാലയം സന്ദർശിക്കുന്നു, അവിടെ മതബോർഡാഫീസിൽവച്ച് ഒരു പുരോഹിതൻ തങ്ങൾക്ക റഷ്യയിൽ പൂർണ്ണസ്വാതന്ത്ര്യമാണുള്ളതെന്നു വിളംബരം ചെയ്യുന്നു, എന്നിങ്ങനെ പോകുന്നു സഖാവിന്റെ വിദ്യകൾ. കൂടാതെ ചില ഫോട്ടോകളും. ഇസ്ലാമിക സംസ്കാരത്തെ കഴുത്തറുത്തുകൊല്ലുവാൻ റഷ്യയിലുപയോഗിച്ച വാളുകൾക്ക വലിയ തുരുമ്പൊന്നും പിടിക്കാൻ കാലമായിട്ടില്ല. ഓന്തിന്റെ നിറം മാറുന്നതുപോലെ നയം മാറുന്ന ഒരു സർക്കാരിൽനിന്ന് അതും നല്ലതു സ്ഥായിയായി പ്രതീക്ഷിക്കേണ്ടതന്നെ. ഈജിപ്തിലെ മതനേതാവായ ഷേക് ഹസാനിൻ മഹമ്മദ് ഈ ആഗസ്റ്റ് പതിനൊന്നിനു ഒരു കേർട്ടമാർഷ്യൽ വിസ്താരത്തിൽ ഇങ്ങനെ മൊഴികൊടുത്തു: "കമ്മ്യൂണിസം ദൈവത്തിലുള്ള വിശ്വാസത്തിനും സ്വകാര്യസ്വത്തവകാശത്തിനും എതിരാകയാൽ ഇസ്ലാമിനു വിരുദ്ധമാണ്." സഖാവു ഇന്നാട്ടിലെ മുസ്ലീമിങ്ങളുടെ നേരെ ചൂണ്ട അനക്കുന്നതു കണ്ടോ?

"ഭക്ഷണം കഴിക്കാനിരുന്നപ്പോൾ ഞാൻ അവരെ പ്രത്യേകം ശ്രദ്ധിച്ചു—നമ്മുടെ നാട്ടിലെ മുസ്ലിംവീടുകളിൽ നമുക്കെല്ലാം പരിചിതമായ ആ ഭക്ഷണസമ്പ്രദായമില്ലേ—അതുതന്നെ. ഒന്നുണ്ട്, സോവിയററുയൂണിയനിലെ മുസ്ലിംകുടുംബവും ഇവിടെയുള്ള മുസ്ലിം പ്രമാണിമാരും കഴിക്കുന്ന ആഹാരസാധനങ്ങൾക്ക, ഗുണത്തിലും അളവിലും കടലും കടലാടിയും തമ്മിലുള്ള

അന്തരമുണ്ട്. (മാതൃഭൂമി ആഴ്ചപ്പതിപ്പ് ജൂൺ 28) ഉണ്ടേ, ഉണ്ട്! പക്ഷേ, സഖാവേ് ഇന്നാട്ടിലെ മുസ്ലീമങ്ങളെ ഈ ചൂണ്ടയിൽ കൊളുത്താമെന്നു സ്വപ്നംകാണേണ്ടാ.

ഓ, ചൈനയിലും മതസ്വാതന്ത്ര്യമുണ്ടേ. എന്നാണു സഖാവു ഗോപാലൻ അടുത്തതായി വിളിച്ചുപറയുന്നത്. സർക്കാരിന്റെ പിണിയാളുകളാകുന്നവർക്ക് അവിടെ ചില ആനുകൂല്യങ്ങളൊക്കെയുണ്ട്. സഖാവു ശ്രീകണ്ഠൻനായർ പറയുന്നത് ചൈനയിൽ ക്രിസ്തുമതത്തിനു സ്വതന്ത്രമായി പ്രവർത്തിക്കുവാനൊക്കുന്നില്ലെന്നാണ്. ക്രിസ്തുമതം എന്താണെന്നും അതിന്റെ ഉപദേശം എന്താണെന്നും അറിഞ്ഞുകൂടാത്ത നിരീശ്വരസർക്കാരാണ് ചൈനയിലെ ക്രിസ്തുമതത്തെ ദേശീയമാക്കുവാൻ ശ്രമിക്കുന്നത്. പക്ഷേ, അതു് ഇതേവരെ ഫലിച്ചിട്ടില്ല. ഫലിക്കാൻ പോകുന്നുമില്ല, സഖാവേ.

ഇന്നു് ചൈനയിൽ കത്തോലിക്കാസഭയ്ക്കുള്ള നിലപാടിന്റെ ഒരവ്യക്തചിത്രം സഖാവു തരുന്നുണ്ട്. അതേസമയംതന്നെ ചൈനയിലെ മതമർദ്ദനത്തിന്റെ ഒരനിഷേധ്യതെളിവും. കത്തോലിക്കാസഭയെക്കുറിച്ചു സഖാവു ഗോപാലനുള്ള കടുത്ത അജ്ഞതയുടെ ഒരു സൂചനയുമാണത്. സഖാവു പറയുന്നു: "വിമോചനത്തിനു മുൻപ് പുരുഷന്റെ മുഖം കാണുകയെന്നതു് ചൈനീസ് കത്തോലിക്ക് കന്യാസ്ത്രീകൾക്കു നിഷിദ്ധമായിരുന്നു. അങ്ങനെ അമ്പതു വർഷമായി ഒരു പുരുഷനെ കണ്ടിട്ടുകൂടിയില്ലാത്ത കന്യാസ്ത്രീകൾ ദുർല്ലഭമായിരുന്നില്ല. വിമോചനത്തോടെ അവരും സ്വതന്ത്രരായി. ഇന്നു് ഈ കന്യാസ്ത്രീകൾ പുരുഷന്മാരോടൊപ്പം സമാധാനപ്രസ്ഥാനത്തിലും രാഷ്ട്രനിർമ്മാണപ്രവർത്തനത്തിലും പങ്കെടുക്കുന്നു." (മാതൃഭൂമി ആഴ്ചപ്പതിപ്പ് ജൂൺ 28 ) അങ്ങനെ സഖാവു ചൈനയിലെ മതസ്വാതന്ത്ര്യം പൊക്കിക്കാണിച്ചു വന്നു വന്നു് കത്തോലിക്കരുടെ ഹൃദയങ്ങളെ കുന്തംകൊണ്ടു കുത്തുന്ന ചില വസ്തുതകൾ പറഞ്ഞുപോയി.

കന്യാസ്ത്രീകൾ ആരാണെന്നും ഒരു സ്ത്രീ കന്യകാവ്രതം നേർന്നുകൊണ്ട് സ്വമേധയാ ഒരു മഠത്തിൽ പ്രവേശിക്കുന്നതെന്തിനാ

ണൊന്നും കത്തോലിക്കർക്കറിയാം. കന്യാസ്ത്രീകൾ ക്രിസ്തുനാഥനെപ്രതി വൈവാഹികജീവിതം വേണ്ടെന്നുവച്ച് സന്യാസിനീസമൂഹത്തിൽ ചേരുന്ന ധീരവനിതകളാണ്. അവരെ ആരും നിർബന്ധിച്ച് ആ നിലയിൽ ആക്കുന്നതല്ലാ. മഠത്തിൽ ചേർന്നിട്ടു നിത്യവ്രതവാഗ്ദാനം നടത്തുന്നതിനു മുൻപുള്ള സുദീർഘവർഷങ്ങളിൽ എപ്പോഴെങ്കിലും അവർക്കു സ്വമേധയാ ലൗകികജീവിതത്തിലേക്കു പ്രത്യാഗമിക്കാം. സന്യാസിനീമന്ദിരം കാരാഗൃഹമല്ല. അവിടെ 'വിമോചനത്തിനു' സ്ഥാനവുമില്ല. ചൈനയിൽ അനേകം സന്യാസിനീഭവനങ്ങൾ കമ്മ്യൂണിസ്റ്റുകാർ കണ്ടുകെട്ടിയെന്നും കന്യാസ്ത്രീകളെ പെരുവഴിയാധാരമായി തള്ളിവിട്ടെന്നും സഖാവു ഗോപാലന്റെ വാക്കുകൾകൊണ്ടുമാത്രം ഇന്നാട്ടിലെ കത്തോലിക്കർ ഗ്രഹിച്ചുകഴിഞ്ഞു. ആ ചൈനയിലോ, സഖാവേ, മതസ്വാതന്ത്ര്യം? ഒരു സ്ത്രീക്കു തന്റെ അന്തഃകരണമനുസരിച്ച് ജീവിക്കുവാൻ നിർവ്വാഹമില്ലാത്ത ചൈനയിൽ, സഖാവേ, മതസ്വാതന്ത്ര്യത്തിനു സ്ഥാനമുണ്ടോ? ചൈനയിൽ ആയിരക്കണക്കിനു കന്യകകൾ നിഷ്ഠുരണം വധിക്കപ്പെട്ടതും മാവോയുടെ പട്ടാളക്കാരുടെ മൃഗീയമായ കാമാസക്തിക്കു ബലമായി ആഹുതിചെയ്യപ്പെട്ടതും കൂടി സഖാവു വിവരിക്കേണ്ടതായിരുന്നു.

സഖാവു സ്വപ്നംകാണുന്ന ഈദൃശ രീതിയിലുള്ള 'വിമോചന'മൊന്നും ത്യാഗധീരകളായ ഇന്നാട്ടിലെ കന്യാസ്ത്രീകൾക്കു നല്കുവാൻ ഇവിടത്തെ ചങ്കുറപ്പും മതതീക്ഷ്ണതയുമുള്ള കത്തോലിക്കർ അവരുടെ രക്തധമനികൾ പ്രവർത്തിക്കുന്ന കാലത്തോളം സമ്മതിക്കുകയില്ലെന്ന് സഖാവു സദയം ധരിക്കുമല്ലോ.

## റഷ്യയിൽ ജനാധിപത്യവും പൗരാവകാശങ്ങളുമുണ്ടോ?

സോവിയറ്റുനാട്ടു് തനി ജനാധിപത്യരീതിയിലാണ് മുന്നോട്ടുപോകുന്നതു്, അവിടെ ഏതൊരു നാട്ടിലുള്ളതിലും കൂടുതൽ വ്യ

കതിസ്വാതന്ത്ര്യമുണ്ട് എന്നു വീമ്പടിച്ചുകൊണ്ട് പല ചപ്പടാച്ചികളും സഖാവു ഗോപാലൻ തട്ടിവിട്ടിട്ടുണ്ട്. പക്ഷെ, വെടി ഉന്നം തെററിയ കഥ സഖാവറിഞ്ഞതില്ല. 'തെരഞ്ഞെടുപ്പും വ്യക്തിസ്വാതന്ത്ര്യവും' എന്ന ശീർഷകത്തിൽ 1953-ജൂലായ് പന്ത്രണ്ടാംതിയ്യതിയിലെ 'മാതൃഭൂമി ആഴ്ചപ്പതിപ്പിൽ' സഖാവെഴുതിയ ലേഖനം കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ പൗരന്മാൎക്ക് എത്രത്തോളം വ്യക്തിസ്വാതന്ത്ര്യം ലഭിക്കാം എന്നുള്ളതു തെളിച്ചുകാട്ടുന്നുണ്ട്.

സഖാവു് ഗ്രാഗ്രായിലുള്ള സാനിട്ടോറിയത്തിൽ താമസിക്കുന്ന കാലത്താണു് സിററി-ഡിസ്ട്രിക്റ്റ്—ഗ്രാമസോവിയററുകളിലേക്കുള്ള തെരഞ്ഞെടുപ്പു നടന്നതു്. അദ്ദേഹം താമസസ്ഥലത്തിനടുത്തുള്ള ഒരു പോളിംങ്ങ്ബൂത്തു് കാണാൻ പോയി. അവിടെ വോട്ടിങ്ങു നടക്കുന്നുണ്ടായിരുന്നു. വോട്ടിങ്ങ് നടക്കുന്ന കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ചില കലാപരിപാടികൾ നടക്കുകയായിരുന്നുപോലും. അടുത്ത ഡിവിഷ്യനിലെ ഒരു സ്ഥാനാൎത്ഥിയായ ഒരു ഗ്രേമ്യവെദ്യ ഒരു പാട്ടുകച്ചേരിയും നടത്തി. പിന്നെ മററു കലാപരിപാടികൾ. വോട്ടിങ്ങ് സംബന്ധിച്ച് അവിടെ യാതൊരു ബഹളവുമില്ല. തരക്കേടില്ല!

ഒന്നു ചിന്തിച്ചുനോക്കുക. ഡെമോക്രസിയുടെ മൗലികഘടകം പ്രതിപക്ഷത്തിന്റെ ആസ്തിത്വമാണു്. എവിടെ പ്രതിപക്ഷമില്ലാതെ വരുന്നു, എവിടെ പ്രതിപക്ഷത്തിനു സ്ഥാനമില്ലാതെ വരുന്നു, എവിടെ പ്രതിപക്ഷങ്ങൾ നിലവിലുള്ള ഭരണകൂടത്തിന്റെ വൈകല്യങ്ങൾ ചൂണ്ടിക്കാണിച്ച് സൎക്കാരിനെ ബാലട്ടുപേപ്പർമൂലം സമാധാനപരമായ രീതിയിൽ മാററാൻ ശ്രമിക്കാതിരിക്കുന്നു, ആ നാട്ടിൽ ജനാധിപത്യം നിലവിലുണ്ടെന്നു പറഞ്ഞാൽ അതിൽ വല്ല കഴമ്പുമുണ്ടോ? യാതൊരു പ്രതിപക്ഷത്തേയും അനുവദിക്കാത്ത റഷ്യൻമോഡൽ ഭരണം ഡെമോക്രസിയുടെ പാവനമായ ആശയത്തോടുതന്നെയുള്ള ഒരു വെല്ലുവിളിയാണു്.

സഖാവു ഗോപാലൻ, താങ്കൾ താഴെക്കാണുന്ന ചോദ്യങ്ങൾക്കുത്തരം നൽകുമോ?

1) സഖാവു സ്റ്റാലിൻ റഷ്യയിലെ ഭരണാധികാരിയായതിനു ശേഷം അയാളുടെ ഭരണത്തിന്നെതിരായി നടന്നിട്ടുള്ള സംരംഭങ്ങളെല്ലാം ക്രൂരമായ പട്ടാളമർദ്ദനങ്ങൾകൊണ്ടു അടിച്ചമർത്തിയിട്ടുള്ളതു ഏതു ജനകീയമാണു്?

2) 1939-ലും 1940-ലും റഷ്യ, കിഴക്കൻയൂറോപ്പിലെ പല രാജ്യങ്ങളും അംറത്തുമുറിച്ചു ശാപ്പിട്ടതു് അന്നാട്ടുകളിലെ ജനകീയാഭിലാഷങ്ങളെ തെല്ലെങ്കിലും ആദരിച്ചാണോ?

3) അധിനിവേശരാജ്യങ്ങളിൽനിന്നു് ലക്ഷക്കണക്കിനാളുകളെ റഷ്യൻ തടങ്കൽപാളയങ്ങളിലേക്കും അടിമജോലിസ്ഥലങ്ങളിലേക്കും കൊണ്ടുപോയതു് ജനകീയമാണോ?

4) പോളണ്ടിൽനിന്നു കൊണ്ടുപോയതിൽ രണ്ടുലക്ഷത്തിഎഴുപതിനായിരംപേർ തടങ്കൽപാളയങ്ങളിൽ കിടന്നു് ഈച്ചപോലെ ചത്തൊടുങ്ങിയതു് ജനാധിപത്യപരമായ പ്രവർത്തനഫലമോ? (ഈ കണക്കു് പോളിഷ് ഗവർമ്മെണ്ടിന്റേതാണെന്നോർക്കണം)

5) ഹിററ്ലർ റഷ്യയെ ആക്രമിച്ചതിന്നുശേഷം വോൾഗായിലും ഉക്രെയിനിലുമുള്ള ജർമ്മൻവർഗ്ഗക്കാരായ പതിനഞ്ചുലക്ഷംപേരെ കാരഗാൻഡാ കൽക്കരിഖനികളിലേക്കും മററു അടിമജോലി സ്ഥലങ്ങളിലേക്കും അയച്ചതു് ജനാധിപത്യപരമാണോ?

6) സ്റ്റാലിന്റെ പട്ടാളവാഴ്ചയോടു് ഉക്രെയിനിൽ എതിർപ്പുണ്ടായതിന്റെശേഷം അവിടത്തെ പ്രധാനമന്ത്രി എപ്പോഴും ഉക്രെയിനു പുറത്തുള്ള ആളായിരിക്കുന്നതു ജനാധിപത്യപരമാണോ?

7) ക്രിമിയാ, കാൽമിക്കു്, വെച്ചൻ ഇൻഗഷ് എന്നി റിപ്പബ്ളിക്കുകളിൽ എതിർപ്പുണ്ടായതിന്റെ ഫലമായി ആ റിപ്പബ്ളിക്കുകൾതന്നെ ഇല്ലാതാക്കയും അവിടങ്ങളിലെ എതിർപ്പുകാരെല്ലാം തടങ്കൽപാളയങ്ങളിലേക്കു വലിച്ചിഴയ്ക്കപ്പെടുകയും ചെയ്തതു് ജനകീയമാണോ?

8) ക്രെംലിൻ കൊട്ടാരങ്ങളിൽ ഭൗതികജീവിതത്തിൻെറ മധുചഷകങ്ങളുമായിക്കഴിയുന്ന മലങ്കോവു തുടങ്ങിയ ഉന്നതവ്യക്തികളേയും അവരുടെ പ്രവർത്തനരീതികളേയും പരസ്യമായും നിശിതമായും വിമർശിക്കുവാനുള്ള സ്വാതന്ത്ര്യം സാധാരണ റഷ്യൻ പൗരന്മാർ ഉപയോഗിക്കുകയാണെങ്കിൽ ആ വിമർശകന്മാരുടെ സ്ഥിതി എന്തായിരിക്കും ?

9) ഗവമ്മേണ്ടിൻെറ നയപരിപാടികളെ വിമർശിക്കുവാൻ സാധാരണക്കാരൻ മുതിരുകയാണെങ്കിൽ അയാളുടെ തല കഴുത്തിനുമുകളിൽ സ്ഥിതിചെയ്യുമോ?

10) റഷ്യൻ പോളിററ് ബ്യൂറോ അംഗങ്ങളായിരുന്ന ട്രോട്സ്കി, ബുക്കാറിൻ, ബിനോവീവ്, കമനേവ് ക്രെസ്റ്റിൻസ്കി, റിക്കോവ്, കിറോവ് ഇവർ സ്റ്റാലിൻ ഭരണകാലത്തു വധിക്കപ്പെട്ടതു് ജനാധിപത്യപരമായ തത്വത്തിനനുരൂപമാണോ?

11) 'ശുദ്ധീകരണം' എന്ന പേരിൽ വർഷംതോറും ആയിരക്കണക്കിനാളുകളെ വേട്ടയാടുന്നതു ഏതു ജനകീയമാണു ?

12) മലങ്കോവ് ഈയിടെ ബറിയായെ തവിടുപൊടിയാക്കിയതിനുശേഷം ബറിയായോടു അനുഭാവമുള്ളവരെന്നു് സംശയിക്കപ്പെടുന്നവരെ റഷ്യയിൽ മാത്രമല്ല, കമ്മ്യൂണിസ്റ്റധീനരാജ്യങ്ങളിലെല്ലാം നിഷ്ഠുരണം 'ലിക്വിഡേററ്' ചെയ്യുന്നതു് ജനകീയമാണോ?

13) റഷ്യയിലെ ഭരണകർത്താക്കൾ പ്രതിപക്ഷാഭിപ്രായമുള്ളവരോടു് പെരുമാറുന്നതിൻെറ നൂറിലൊരംശം എങ്കിലും താങ്കൾ നേതാവായിരിക്കുന്ന പ്രതിപക്ഷത്തോടു് കോൺഗ്രസ്സ് ഗവമ്മേണ്ടു് പെരുമാറുകയാണെങ്കിൽ അതു റഷ്യൻ"മാഡൽ ജനകീയമായിരിക്കുമല്ലോ.

റഷ്യനധീനരാജ്യങ്ങളിൽനിന്നു് രക്ഷപ്പെട്ടു്, ഇപ്പോൾ ആസ്ത്രേലിയായിൽ സ്വാതന്ത്ര്യത്തിൻെറ സുഭഗമോഹനമായ അന്തരീക്ഷത്തിൽ ജീവിക്കുന്ന ഒന്നരലക്ഷം ആളുകളെ ഉൾക്കൊള്ളുന്ന

വിവിധസംഘടനകളുടെ സെക്രട്ടറിമാർ ഏകോപിച്ച് 1953 ജൂൺ 14-ന് ഐക്യരാഷ്ട്രസംഘടനയുടെ സെക്രട്ടറി ജനറലിനു ഒരു തുറന്ന കത്തയയ്ക്കുകയുണ്ടായി. ആ കത്തിൽ പറയുന്നു:

“1953 ജൂൺ 14-ാംതീയതിയായ ഈ ദിനത്തെ ഓർത്തുകൊണ്ട്, സോവിയററാക്രമണത്തിനിരയായി, സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ വീണുപോയ ലക്ഷക്കണക്കിനു സ്ത്രീകളെയും പുരുഷന്മാരെയും സ്മരിച്ചുകൊണ്ട്, ടെഹറാനിലും യാൾട്ടയിലും പോട്ട്സ്ഡാമിലുംവച്ച് ഞങ്ങളുടെ രാഷ്ട്രത്തിന്റെ യാതൊരഭിപ്രായവും ശ്രവിക്കാതെ ഭാവി നിശ്ചയിക്കപ്പെട്ടവരായി എസ്റ്റോണിയാ, ലാററ്വിയാ, ലിത്വേനിയാ, പോളണ്ട്, ചെക്കോസ്ലോവാക്കിയാ, ഹംഗേറിയാ, ബൾഗേറിയാ, ഉക്രേനിയാ എന്നീ രാഷ്ട്രങ്ങളിൽനിന്ന് ആസ്ത്രേലിയായിൽവന്നു വസിക്കുന്ന നവാഗതരായ ഒന്നരലക്ഷം ആളുകളുൾപ്പെട്ട സംഘടനകളുടെ പ്രതിനിധികളായി താഴെ ഒപ്പിട്ടിരിക്കുന്ന ഞങ്ങൾ, സോവിയററ യൂണിയൻ ഞങ്ങളുടെ ജന്മനാട്ടുകളിൽ നടത്തിയ കൂട്ടക്കൊലകളും കൂട്ടനാടുകടത്തലുകളും ഓർക്കുന്നു.

“ഞങ്ങൾ സോവിയററ യൂണിയൻ ഗവമ്മേണ്ടിന്റെമേലും അതിന്റെ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരുടെ മേലും താഴെ പ്രസ്താവിക്കുന്ന കുററങ്ങൾ പരസ്യമായാരോപിക്കുന്നു.

1) ഉക്രേനിയൻ സ്റ്റേററിന്റെ സ്വാതന്ത്ര്യത്തെ 1921-ൽ നാമാവശേഷമാക്കിയത്.

2) U. S. S. R. 1939-ൽ പോളണ്ടിന്റെ മേൽ നടത്തിയ ലജ്ജാകരമായ ആക്രമണം, 1947-ൽ ഈ രാജ്യത്തിന്റെ നിയന്ത്രണം പിടിച്ചെടുത്തത്.

3) U. S. S. R 1940-ൽ എസ്റ്റോണിയാ, ലാററ്വിയാ, ലിത്വേനിയാ എന്നീ രാജ്യങ്ങൾ കൈവശപ്പെടുത്തിയത്.

4) 1944-ൽ U. S. S. R. ഹംഗറിയെ ആക്രമിച്ചത്.

5) 1948-ൽ U. S. S. R. പട്ടാളത്തിന്റെ പിൻതുണയോ

ട്ടുകൂടി ചെക്കുകാരുടേയും സ്ലോവാക്കിയരുടേയും ഭരണകൂടങ്ങളെ മറിച്ചിട്ടതു്.

6) ഹംഗേറിയായിലെ ജനങ്ങളുടെ അഭിമതത്തിനെതിരായി ആ രാജ്യം റഷ്യൻ നിയന്ത്രണത്തിലാക്കിയതു്.

7) സംഖ്യാതീതമായ കൂട്ടക്കൊലകളും നാടുകടത്തലുകളും റഷ്യ നടത്തിയതും റഷ്യയിലും അധീനരാജ്യങ്ങളിലും ധാരാളം തടങ്കൽ പാളയങ്ങൾ ഉള്ളതും.

8) ക്രൂരതമമായ പീഡനങ്ങളും കിരാതപൂർണ്ണമായ മർദ്ദനങ്ങളും രാഷ്ട്രീയതടവുകാരുടെമേൽ അധീനരാജ്യങ്ങളിൽ റഷ്യ അഴിച്ചുവിട്ടതു്.

"സോവിയററ് ഗവർമ്മെണ്ട് ഈ രാജ്യങ്ങളിൽ കൊന്നൊടുക്കിയവരുടേയും തടങ്കലിലാക്കിയവരുടേയും കാര്യത്തിൽ ഉത്തരം പറയേണ്ടതാണ്. യുദ്ധക്കുററവാളികളായി സോവിയററധികൃതരുടെമേൽ കുററമാരോപിക്കുന്നതിനു ഞങ്ങളെ അനുവദിക്കണമെന്നപേക്ഷ."

(Catholic Weekly—June 18, 1953)

ഇങ്ങനെ റഷ്യ വച്ചുപുലത്തുന്ന ജനകീയത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കുന്ന ആളുകളുടെ അഭിപ്രായങ്ങൾ നമ്മുടെ നാട്ടിലെ കുട്ടിസഖാക്കളും മലങ്കോവിന്റെ ഏജന്റന്മാരും അറിഞ്ഞിരുന്നെങ്കിൽ!

റഷ്യയിലെ തെരഞ്ഞെടുപ്പിനെപ്പററി സഖാവു പറയുന്നു: "സോവിയററ യൂണിയനിലെ തെരഞ്ഞെടുപ്പുസമ്പ്രദായം ഒന്നു വേറെയാണ്. തെരഞ്ഞെടുപ്പിനു മുമ്പ് സാധാരണയായി ഒരു വിളംബരമുണ്ടാകും. ഓരോ തെരഞ്ഞെടുപ്പിനു മുമ്പായും സുപ്രീം സോവിയററ് നിയോജകമണ്ഡലം തിട്ടപ്പെടുത്തുന്നു. നിയോജകമണ്ഡലം മാത്രമല്ല, എത്ര അംഗങ്ങൾ എന്നുകൂടി അവർ തീർച്ചപ്പെടുത്തുന്നു. ഓരോ നിയോജകമണ്ഡലത്തിലും ജനങ്ങൾ ഒരു തെരഞ്ഞെടുപ്പുകമ്മീഷനെ തെരഞ്ഞെടുക്കുന്നു. ഇവിടത്തെപ്പോ

ലെ സക്കാർ മുകളിൽനിന്നു തെരഞ്ഞെടുപ്പുദ്യോഗസ്ഥന്മാരെ നിയമിക്കുകയല്ല അവിടെ. ഈ തെരഞ്ഞെടുപ്പ് കമ്മീഷനാണു തെരഞ്ഞെടുപ്പു നടത്തുന്നതു്. തെരഞ്ഞെടുപ്പിന്റെ മുഴുവൻ ഉത്തരവാദിത്വവും ഈ കമ്മീഷനാണ്'' (മാതൃഭൂമി ആഴ്ചപ്പതിപ്പ് ജൂലായ് 12)

ഒററ വെടിക്കു രണ്ടു പക്ഷികളെ കൈക്കലാക്കാമെന്നാണ് സഖാവു കരുതിയതു്. വെടി പൊട്ടിയതുമില്ല, പക്ഷികൾ പറന്നുപോകയും ചെയ്തു. റഷ്യയിൽ അസ്സൽ ജനകീയം! കറകളഞ്ഞ, ജനകീയം!! ഇവിടെയോ? സർക്കാർ പരോക്ഷമായിട്ടെങ്കിലും തെരഞ്ഞെടുപ്പിൽ സ്വാധീനം ചെലുത്തുന്നു എന്നു കാണിക്കുവാൻ സഖാവു നടത്തിയ അഭ്യാസം കാണികളിൽ അനുകമ്പയാണുണ്ടാക്കുന്നതു്.

സഖാവേ, എങ്ങനെയാണവിടെ ജനങ്ങൾ തെരഞ്ഞെടുപ്പു കമ്മീഷനെ തെരഞ്ഞെടുക്കുന്നതു്? ബാലട്ടുപേപ്പർ മൂലമാണോ? അങ്ങനെയെങ്കിൽ അതിനുവേണ്ടി സ്ഥാനാർത്ഥികൾ നിൽക്കണമല്ലോ. അപ്പോൾ ആ തെരഞ്ഞെടുപ്പിന്റെ ഉത്തരവാദിത്വം ആരു വഹിക്കും? ഓ, മനസ്സിലായി, റഷ്യയിലുള്ളതു് സാധാരണ ജനകീയമൊന്നുമല്ല. ഡബ്ബിൾ ജനകീയം!

റഷ്യയിലെങ്ങനെ തെരഞ്ഞെടുപ്പുകമ്മീഷൻ നിലവിൽ വരുന്നു എന്നു നാമൊന്നാരായുക തന്നെ.

അവിടെ ഒരേ ഒരു പാർട്ടി മാത്രമേയുള്ളു, കമ്യൂണിസ്റ്റ് പാർട്ടി. വേറെ പാർട്ടിക്കവിടെ സ്ഥാനമില്ല. റഷ്യയിലെ പതിനെട്ടു കോടി ആളുകളിൽ കേവലം അൻപതുലക്ഷം ആളുകൾ മാത്രമാണ് പാർട്ടിയിലുള്ളതു്. പക്ഷേ, പിടിപാടു മുഴുവനും ന്യൂനപക്ഷമായ പാർട്ടിയിലാണ്. പ്രാദേശിക കമ്യൂണിസ്റ്റ് പാർട്ടി നേതാക്കന്മാരത്രേ ഈ തെരഞ്ഞെടുപ്പുകമ്മീഷൻ. അവർ സ്ഥാനാർത്ഥികളായി നിറുത്തുന്നതോ? മിക്കവാറും അവരുടെ മുകളിലുള്ളവരുടെ ആജ്ഞയനുസരിച്ചുമാത്രം. ആകട്ടെ, തെരഞ്ഞെടുപ്പുകമ്മീഷൻ നിർ

ത്തുന്ന സ്ഥാനാർത്ഥികൾക്കെതിരായി നാട്ടിലാർക്കെങ്കിലും എതിർപ്രവർത്തനം നടത്താമോ? രഹസ്യപ്പോലീസിന്റെ പിഴിച്ചിലുകളും തടങ്കൽ കേന്ദ്രങ്ങളിലേയും അടിമജോലിസ്ഥലങ്ങളിലേയും സുഖമെടുക്കലുകളും ആവശ്യമില്ലാത്തവരെല്ലാം കമ്മീഷൻ നിശ്ചയിക്കുന്ന സ്ഥാനാർത്ഥികൾക്കു വോട്ടുചെയ്തുകൊള്ളും.

റഷ്യൻ ഭരണഘടനയിൽ അതുണ്ട്, ഇതുണ്ട്, അങ്ങനെയാണ്, ഇങ്ങനെയാണ് എന്നൊക്കെ പറയുന്നതിൽ യാതൊരർത്ഥവുമില്ല. ഭരണഘടനയനുസരിച്ചു സോവിയററു പൗരനു പല സ്വാതന്ത്ര്യങ്ങളുമുണ്ട്—സംസാരസ്വാതന്ത്ര്യമുണ്ട്, പത്രപ്രവർത്തനസ്വാതന്ത്ര്യമുണ്ട്, യോഗംകൂടാനുള്ള സ്വാതന്ത്ര്യമുണ്ട്—ഇങ്ങനെ പലതും. പക്ഷേ, മുപ്പത്തിയേഴു സുദീർഘസംവത്സരങ്ങളിലെ തിക്തകാനുഭവങ്ങൾ സാധാരണ റഷ്യൻ പൗരനെ ഒരു കാര്യം വേണ്ടവിധം പഠിപ്പിച്ചിട്ടുണ്ട്, അതായതു് സോവിയററധികൃതരുടെ ഇഷ്ടാനിഷ്ടങ്ങളാണ് അവന്റെ ജീവിതത്തെ നിയന്ത്രിക്കേണ്ടതെന്ന്. മഹത്തായ നമ്മുടെ ഇൻഡ്യൻ റിപ്പബ്ലിക്കിൽ ഇൻഡ്യാഗവർമ്മേണ്ടിനേയും പ്രധാനമന്ത്രി നെഹ്റുവിനേയും പ്രതികളാക്കി ഒരിൻഡ്യൻ പൗരനു വേണമെങ്കിൽ സുപ്രീം കോടതിയിൽ കേസുകൊടുക്കാം. നീതിയനുസരിച്ച് കോടതി വിധിക്കുകയുംചെയ്യും. എന്നാൽ ഒരു റഷ്യൻ പൗരൻ മലങ്കോവിനെയും സോവിയററ സർക്കാരിനെയും പ്രതിസ്ഥാനത്തു ചേർത്തുകൊണ്ട് അവന്റെ അവകാശങ്ങൾ നേടാൻ ഉദ്യമിക്കുമോ? പിന്നെ അയാൾ ജീവിച്ചിരിക്കുമോ? റഷ്യയിൽ സ്വാതന്ത്ര്യങ്ങൾ വെള്ളത്തിൽ ഊത്തമീൻപോലെ തുള്ളിക്കളിക്കുകയാണെന്നു വിളിക്കുന്ന നമ്മുടെ സഖാവു ഗോപാലനെ പൊതുരക്ഷാനിയമമനുസരിച്ചു സർക്കാർ തടങ്കലിൽവച്ചിട്ടു ഹേബിയസ് കോർപ്പസ് റിററു മുഖേന സർക്കാരുത്തരവിനെ കോടതി നിരോധിച്ചു സഖാവിനെ സ്വതന്ത്രനാക്കുകയല്ലേ ചെയ്തതു്? റഷ്യൻ സർക്കാർ ഒരാളെ തടങ്കലിൽവച്ചിട്ടു കോടതിയിൽനിന്നു് ഇപ്രകാരമൊരു നടപടിമൂലം അയാളെ മോചിപ്പിച്ച ഒരൊററ സംഭവമെങ്കിലും

ഈ മുപ്പത്തിയെട്ടു സംവത്സരങ്ങളിൽ റഷ്യയിലുണ്ടായതായി സഖാവു ഗോപാലനു പ്രസ്താവിക്കുവാൻ നട്ടെല്ലുണ്ടോയെന്നു ഞാൻ ചോദിക്കുന്നു.

## വിമർശനാധികാരമോ?

സഖാവു ഗോപാലൻ പറയുന്നു റഷ്യയിൽ ആക്കും പൂർണ്ണമായ വിമർശനസ്വാതന്ത്ര്യമുണ്ടെന്നു്. അതു സ്ഥാപിക്കുവാൻ അദ്ദേഹം എടുത്തിരിക്കുന്ന അടവാണു രസകരം. 19-ാം പാർട്ടി സമ്മേളനത്തിൽവച്ചു് പല പ്രതിനിധികളും ഗവമ്മേണ്ടിനെ വിമർശിച്ചുപോലും. കൂട്ടകൃഷിസ്ഥലത്തു വേണ്ടസമയത്തു പണിയായുധങ്ങൾ എത്തിയ്ക്കാത്ത കൃഷിമന്ത്രിയെ ഒരാൾ കലശലായി അധിക്ഷേപിച്ചുപോലും. അതുപോലെ തന്നെ ലെനിൻഗ്രാഡിലുള്ള ഒരു ഫാക്ടറിയിൽ ചേന്ന യോഗത്തിൽവച്ചു് തൊഴിലാളികൾ, മററു തൊഴിലാളികളെപ്പററി, സ്വന്തം തെററിനെപ്പററി, മാനേജ്മെൻറിനെപ്പററി വിമർശിച്ചുപോലും. അവിടെ ഇരുപതു വയസ്സായ ഒരു പെൺകുട്ടി ഇങ്ങനെയുള്ള വിമർശനങ്ങളൊക്കെക്കഴിഞ്ഞു് ആ മാസം എത്ര ശതമാനം ജോലി താൻ അധികം പൂർത്തിയാക്കുമെന്ന പ്രതിജ്ഞയോടുകൂടി പ്രസംഗമവസാനിപ്പിച്ചുപോലും. കേട്ടോ, കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ മനുഷ്യസ്വഭാവം ആകപ്പാടെ മാറിപ്പോകുമേ. ഈ രീതിയിലുള്ള സ്വയം വിമർശനങ്ങളുടേയും ഒക്കെ ആത്മാർത്ഥത സഖാവേ ഞങ്ങൾക്കാണറിഞ്ഞുകൂടാത്തതു്.

ആകട്ടെ, മലങ്കോവിനും മൊളോട്ടോവിനും ഒക്കെ എതിരായി ഒരു സാധാരണ പൗരൻ തൻെറ വിമർശനശരങ്ങൾ വിട്ടാൽ അവൻെറ ഗതി എന്താകായിരിക്കും? സർക്കാരിൻെറ നയങ്ങളെത്തന്നെ രൂക്ഷമായി വിമർശിക്കുവാൻ ഒരുവൻ ധൈര്യപ്പെടുമോ? അല്ലെങ്കിൽ മലങ്കോവു തള്ളിത്താഴെയിട്ട ബെറിയായെ സ്തുതിച്ചുകൊണ്ടു് ഒരു റഷ്യൻ പൗരൻ പ്രസംഗിച്ചാൽ പിന്നെ അയാൾ സൈബീരിയായിലെങ്കിലും കാണാതിരിക്കുമോ? സർക്കാർ ന

ന്യങ്ങളെത്തന്നെ,—നയങ്ങൾ നടപ്പിലാക്കുവാൻ ഉദ്യോഗസ്ഥന്മാരുപയോഗിക്കുന്ന രീതിയല്ല, മനസ്സിലായോ—നിശിതമായി വിമർശിക്കുന്ന ഒററപ്പത്രമെങ്കിലും സോവിയററു യൂണിയനിൽ കാണിക്കാമോ, സഖാവേ.

ഒരു ദിവസം സന്ധ്യവരെ ബെറിയാ നല്ലവനായിരുന്നു, റഷ്യൻ ഭരണത്തിൻെറ ത്രിമൂർത്തികളിൽ ഒരാളായിരുന്നു. ബെറിയായെ സ്തുതിഗീതങ്ങൾകൊണ്ടു റഷ്യൻ പത്രന്മാർ മൂടിയുമിരുന്നു. മലങ്കോവു അന്നു് ഒരു പുതിയ കണ്ടുപിടുത്തം നടത്തി; ബെറിയാ ഇംപീരിയലിസത്തിൻെറ ഏജൻറാണെന്നു്. രഹസ്യപ്പോലീസ് മേലുദ്യോഗസ്ഥനായിരുന്നു് അനേകായിരങ്ങൾക്കു പരലോകത്തിനു പാസ്പോർട്ടു നൽകിയ ബെറിയാ ഇരുമ്പഴികൾക്കുള്ളിലുമായി. പിറേറദിവസം രാവിലെ 'പ്രവദാ'യുടെ കോളങ്ങളിൽ ബെറിയാ ഒരു പിന്തിരിപ്പൻ മൂരാച്ചിയായി ചിത്രീകരിക്കപ്പെട്ടു; റഷ്യയിൽ ആയിരക്കണക്കിനു യോഗങ്ങൾ നടന്നു. അവയിലെല്ലാം ബെറിയാ ഒരു ഇംപീരിയലിസ്റ്റ് ഏജൻറായി തറടിക്കപ്പെട്ടു. ഒററയാൾപോലും ബെറിയായെ അനുകൂലിച്ചു സംസാരിച്ചില്ല. ചിന്തയിൽ അനുകൂലിച്ചേക്കുമെന്നു സർക്കാരിനു സംശയമുണ്ടായിരുന്നവരെയെല്ലാം രഹസ്യപ്പോലീസ് തൂത്തുപെറുക്കി തടങ്കൽകേന്ദ്രങ്ങളിലെ ചികിത്സകൾക്കു വിട്ടു. നാളെ ഒരു ബുൾഗാനിനോ മററാരെങ്കിലുമോ അണ്ടേയോ കോടകോടനോ മലങ്കോവിനെ മലർത്തിയടിച്ചെന്നു വിചാരിക്കുക. മലങ്കോവു വീഴുമ്പോൾ മുതൽ അയാൾ ഒരമേരിക്കൻ മൂരാച്ചിയോ, രാജ്യത്തിൻെറ ശത്രുവോ ആയിത്തീരാതിരിക്കയില്ല.

## കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ
## വ്യക്തിയുടെ ആശങ്കകളില്ലേ?

കമ്യൂണിസം അങ്ങു് ഒന്നു വന്നുകഴിഞ്ഞാൽ ആളുകളുടെ ജീവിതം ആകെപ്പാടെ മാറി ഭയവും ആശങ്കകളും രാജ്യത്തിൽനിന്നു തന്നെ നെട്ടോട്ടം ഓടുമെന്നു കാണിക്കാൻ സഖാവു ശ്രമിക്കാതി

രിക്കുന്നില്ല. അദ്ദേഹം പറയുന്നു: "സോവിയററുനാട്ടു സന്ദർശിക്കുന്ന ഒരാൾക്കു ഒന്നാമതായി മനസ്സിലാക്കാൻ സാധിക്കുന്ന ഒരു സംഗതി അവരുടെ സംതൃപ്തിയും ആത്മവിശ്വാസവുമാണ്. ഫാക്ടറിയിൽനിന്നു പുറത്തു തള്ളപ്പെടുമോ, കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാൻ കഴിയാതെവരുമോ, രോഗം വന്നാലെന്തു ചെയ്യും എന്ന ആശങ്കകൂടാതെ, ഭാവിയെപ്പററി കുസലില്ലാതെ ജീവിക്കാൻ അവർക്കു കഴിയുന്നു." ('മാതൃഭൂമി' ആഴ്ചപ്പതിപ്പ് ജൂൺ 21)

പ്രചരണതന്ത്രപ്രഗത്ഭനായ സഖാവു ഇങ്ങനെ എഴുതാതിരുന്നെങ്കിൽ അതു അത്ഭുതമായിരുന്നു.

ചാരന്മാരുടെ ഒരു നാടാണ് റഷ്യയെന്നു് റഷ്യയിൽ ദീർഘകാലം താമസിച്ചിട്ടുള്ളവർ രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെ ഒരു സാധാരണ പൗരന് സ്വന്തം രാജ്യത്തിനകത്തു തന്നെയും സ്വതന്ത്രമായി സഞ്ചരിക്കുക സാദ്ധ്യമല്ല. ആഭ്യന്തര പാസ്സ്പോർട്ട് (Internal Passport) സമ്പ്രദായം കമ്യൂണിസത്തിൻകീഴിൽ മാത്രമേയുള്ളു. രഹസ്യപ്പോലീസിൻെറ സഹായം ഇല്ലാതെ ഒരൊററദിവസം മലങ്കോവിനു ഭരിക്കുവാൻ സാധിക്കയുമില്ല. തൊഴിൽശാലകളിൽ, സ്കൂളുകളിൽ, ആസ്പത്രികളിൽ, നാടകശാലകളിൽ, ദൈവാലയങ്ങളിൽ, എന്നു വേണ്ട, ആളുകൾ കൂടുന്നിടത്തും ആളുകൾ ഉള്ളിടത്തും രഹസ്യപ്പോലീസ് സർവ്വസമയവുമുണ്ട്. വേറൊരു തമാശകൂടി റഷ്യയിലും മററു കമ്യൂണിസ്റ്റധീനരാജ്യങ്ങളിലുമുണ്ട്. കുററവാളികളായി പിടിക്കപ്പെടുന്ന നിർദ്ദോഷികൾപോലും പോലീസ് അവരുടെ മേൽ ചുമത്തുന്ന കുററങ്ങൾ പരസ്യമായി ഏററുപറയുകയും തങ്ങൾക്കു നീതിപൂർവ്വകമായ ശിക്ഷ നൽകാൻ കോടതിയോടപേക്ഷിക്കുകയും ചെയ്യുക പതിവാണ്; പ്രത്യേകിച്ചു രാഷ്ട്രീയകുററങ്ങളാരോപിച്ചു ബന്ധിതരാകുന്നവർ. ശാസ്ത്രത്തിൻെറ സഹായത്തോടുകൂടി നടത്തുന്ന മർദ്ദനങ്ങളാണിതിനു കാരണമെന്നു് ഇന്നു് എല്ലാവർക്കും അറിയാം. കൂടാതെ അടിമജോലികൾ ഭീമമായവിധം ആവശ്യമുള്ള വൻകിടപദ്ധതികൾ രഹ

ന്യപ്പോലീസിൻെറകൂടി മേൽനോട്ടത്തിലാണ് നടത്തപ്പെടുക. റഷ്യൻ രഹസ്യപ്പോലീസിലെ അംഗസംഖ്യ സുനിശ്ചിതമായി ക്രെംലിൻ നേതാക്കൾക്കൊഴിച്ചു മററാർക്കും അറിഞ്ഞുകൂടെങ്കിലും നാല്പതുലക്ഷത്തോളമുണ്ടെന്നാണ് പരിഗണിക്കപ്പെടുന്നതു്. ആറുവർഷം മോസ്കോവിൽ ഒരു പത്രലേഖകനായി താമസിച്ച Eugene Lyons എഴുതിയിട്ടുള്ള The Soviet Regime in Practice എന്ന ഗ്രന്ഥത്തിൽനിന്നെടുത്തിട്ടുള്ളതാണ് ഈ വിവരങ്ങളെല്ലാം.

ഇന്നു് റഷ്യയുടെ ഭാഗമാണല്ലോ ലാററ്വിയായും എസ്റ്റോണിയായും ലിത്വേനിയായും. അന്തർദ്ദേശീയ നിയമങ്ങളേയും ജനാധിപത്യ മര്യാദകളേയും അവഗണിച്ചുകൊണ്ടു് 1940-ൽ ആ കൊച്ചുരാജ്യങ്ങളിലേക്കു റഷ്യൻ ടാങ്കുകൾ ഇരച്ചുകയറി, ആ സ്ഥലങ്ങൾ റഷ്യനധീനതയിലുമായി. പക്ഷേ, യുദ്ധകാലത്തു് കാററു മാറിവീശി. 1941-ൽ അവിടങ്ങളിൽനിന്നു പലായനം ചെയ്യുവാൻ റഷ്യാക്കാർ നിർബന്ധിതരായി. തടി രക്ഷിക്കുന്നതിനുവേണ്ടിയുള്ള ആ പരക്കംപാച്ചിലിൽ റഷ്യൻ രഹസ്യപ്പോലീസ് ഉപേക്ഷിച്ചുപോയ രേഖകളിൽ ചിലതു് ഇന്നു പുറത്തായിട്ടുണ്ടു്. ലാററ്വിയായിൽനിന്നു് രക്ഷപ്പെട്ട Edward Smugags എന്ന ദേഹം June, The month that Balts can never forget എന്ന ശീർഷകത്തിൽ എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ അവയിൽ ചിലതു് ഉദ്ധരിച്ചിട്ടുണ്ടു്. 1940 നവംബർ 28-നു റഷ്യൻ G. P. U. കമ്മിസാർ (രഹസ്യപ്പോലീസ് മേധാവി) ഒപ്പിട്ടു പുറപ്പെടുവിച്ച ഒരു കല്പന കാണുക.

“സോവിയററു വിരുദ്ധ ശക്തിയെ കഥാവശേഷമാക്കുന്നതിനും നിർമ്മൂലനം ചെയ്യുന്നതിനും ഞാൻ താഴെക്കാണുന്ന കല്പന പുറപ്പെടുവിക്കുന്നു.

“S 5. തങ്ങളുടെ സാമൂഹികവും രാഷ്ട്രീയവുമായ ഭൂതകാലചരിത്രങ്ങൾ നിമിത്തമോ, ദേശീയമനോഭാവം മൂലമോ, മതവിശ്വാസം മൂലമോ, രാഷ്ട്രീയമായ അഭിപ്രായചഞ്ചലത മൂലമോ, സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലുള്ള ഭരണകൂടത്തോടു വിരോധമു

ള്ളവരും തന്മൂലം വിപ്ലവവിരുദ്ധ ശക്തികളാലും വൈദേശിക ചാരസംഘടനകളാലും ചൂഷണം ചെയ്യപ്പെടുവാൻ ഇടയുള്ളവരുമായ ആളുകളുടെ പേരുകൾ അക്ഷരമാലക്രമത്തിലുള്ള ഫയലുകളിൽ ചേർക്കേണ്ടതാണ്

"അങ്ങനെയുള്ളവരുടെ കൂട്ടത്തിൽ താഴെപ്പറയുന്നവരെ ഉൾപ്പെടുത്തേണ്ടതാണ്.

a) റഷ്യൻ വിരുദ്ധ മനോഭാവമുള്ള പാർട്ടികളിലും സംഘടനകളിലും അംഗങ്ങളായിരുന്നവർ.

b) ദേശീയസംഘടനകളിൽ അംഗങ്ങളായിരുന്നവർ, നാഷനലിസ്റ്റ്സ്, ക്രിസ്ത്യൻ ഡെമോക്രാററ്സ്, വിദ്യാർത്ഥിസംഘടനകളിലെ സജീവപ്രവർത്തകർ, നാഷനൽ ഗാർഡംഗങ്ങൾ മുതലായവർ.

c) പഴയ പോലീസുദ്യോഗസ്ഥന്മാർ, ക്രിമിനൽ പോലീസിലെയും രാഷ്ട്രീയപോലീസിലെയും ജയിൽ പോലീസിലെയും ഉദ്യോഗസ്ഥന്മാർ.

d) പട്ടാളോദ്യോഗസ്ഥമാർ, മിലിട്ടറി കോർട്ടിലെ ഉദ്യോഗസ്ഥന്മാർ.

e) പാർട്ടിക്കെതിരായ പ്രവർത്തനങ്ങൾമൂലം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും കമ്മ്യൂണിസ്റ്റ് യുവജന സംഘടനയിൽനിന്നും ബഹിഷ്കൃതരായവർ.

f) എല്ലാ അഭയാർത്ഥികളും, രാഷ്ട്രീയാഭയാർത്ഥികൾ, വീണ്ടും നാട്ടിൽ വന്നവർ മുതലായവർ.

g) വിദേശീയരായ സകലരും, വിദേശപ്രതിനിധിമന്ദിരങ്ങളിൽ ജോലിയുണ്ടായിരുന്നവർ. വിദേശികളുടെ വക കമ്പനികളിൽ ജോലിയിലിരുന്നവർ.

h) വിദേശരാജ്യങ്ങളുമായോ വിദേശപ്രതിനിധികളുമായോ കത്തിടപാടുകളുള്ളവർ.

i) പഴയ മന്ത്രിമാരുടെ കീഴിൽ ജോലി ചെയ്തിരുന്നവർ.

j) പഴയ റെഡ്ക്രോസ് സംഘാംഗങ്ങൾ.

k) സന്യാസസമാംഗങ്ങളായ വൈദികന്മാർ. റോമൻ കത്തോലിക്കരും ഓർത്തഡോക്സ്കാരുമായ വൈദികന്മാർ. ഈ സഭകളിലെ ഉത്തര പ്രജീവ പ്രവത്തകർ.

l) പഴയ ഭൂഭുക്കൾ, എസ്റ്റേററുടമകൾ ബാങ്കറന്മാർ, ബിസ്സിനസ്സുകാർ, ഫാക്ടറി ഉടമകൾ, ഷാപ്പ് ഉടമകൾ, ഹോട്ടലുടമകൾ, പാനീയവില്പന നടത്തുന്നവർ.”

ഇങ്ങനെ ഫരസ്യപ്പോലീസ് ഫയലുകൾ സൂക്ഷിച്ചതിൻെറ ഫലമായി 1941-ൽ തന്നെ 34000 പേരെയാണ് ലാററ്വിയയിൽമാത്രം റഷ്യൻ കിങ്കരന്മാർ നിഷ്ഠൂരമായി കൊന്നൊടുക്കിയത്. കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയോട് എന്തെങ്കിലും പ്രാതികൂല്യമുണ്ടെന്നുള്ള സംശയംമാത്രം മതി ഒരാൾ 'ലിക്വിഡേററ്' ചെയ്യപ്പെടുവാൻ.

1940-നവംബറിൽ. ലാററ്വിയായിലെ ആഭ്യന്തരവും സാമൂഹികവുമായ കാര്യങ്ങളുടെ പഴയ മന്ത്രിമന്ദിരങ്ങൾ റഷ്യ ജയിലുകളായി മാററി. എലിമാളങ്ങൾപോലെയുള്ള അനേകം അറകളാണു മുറികൾ. മുറിക്കു മുപ്പത്തിയൊന്നര ഇഞ്ചു നീളവും മുപ്പത്തിയൊന്നര ഇഞ്ചു വീതിയും. തടവുകാരന് അതിൽ ഇരിക്കാനൊക്കുകില്ല, കിടക്കാനൊക്കുകില്ല. അനേകമണിക്കൂറുകൾ നീണ്ടുനിൽക്കുന്ന ചോദ്യങ്ങൾക്കും മർദ്ദനങ്ങൾക്കും ശേഷമാണു ഈ എലിമാളങ്ങളിലേക്കു തടവുകാരെ ആനയിക്കുക, കുറെ കഴിഞ്ഞു വീണ്ടും ചോദ്യങ്ങളായി. എന്തിനധികം വിവരിക്കുന്നു? മനുഷ്യത്വവും ധാമ്മികമൂല്യങ്ങളും നീചനീചമായി അവഹേളിക്കപ്പെട്ടു, ലാററ്വിയായിൽ. ലാററ്വിയാ, എസ്റ്റോണിയാ ലിത്വേനിയാ എന്നീ മൂന്നു രാജ്യങ്ങളിൽനിന്നു 1940-ജൂൺ 13-ഉം 14-ഉം രാത്രികളിൽ വൻപിച്ച തോതിലുള്ള കൂട്ട അറസ്റ്റുകളാണു

നടന്നതു്. അറസ്റ്റ് ചെയ്യപ്പെട്ടവരെല്ലാം തടങ്കൽപാളയങ്ങളിലേക്ക് കന്നുകാലികളെപ്പോലെ കൊണ്ടുപോകപ്പെട്ടു. 6447 പുരുഷന്മാർ, 5302 സ്ത്രീകൾ, 3332 കുട്ടികൾ (16 വയസ്സിനു താഴെ) 291 പൈതങ്ങൾ (1 വയസ്സിനു താഴെ), 70-നു മേലുള്ള 315 വൃദ്ധർ—ഇത്രയും പേരെയാണ് ഒററ രാത്രിയിൽ തടങ്കൽപാളയങ്ങളിലേക്ക് മനുഷ്യത്വത്തെ ചവുട്ടിമെതിച്ചുകൊണ്ട് സോവിയററ പോലീസ് അയച്ചതു്. ഇവരുടെയെല്ലാം പേരുകൾ ജനീവായിലുള്ള അന്തർദേശീയ റെഡ്ക്രോസ് സംഘത്തിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഈ കൂട്ട അറസ്റ്റുകളെല്ലാം മുൻകൂട്ടി തയ്യാറാക്കിയ ഒരു പ്ലാനിന്റെ അംശവുമാത്രം. അന്നു റഷ്യയിലെ, രാജ്യരക്ഷയുടെ ഡെപ്യൂട്ടി കമ്മീസറായിരുന്ന സഖാവ് സെറോവ് 1939 ഒക്ടോബർ 11-ാംതിയതി പുറപ്പെടുവിച്ച No. 00/223 കല്പനയനുസരിച്ചാണ് ഈ മനുഷ്യവേട്ട നടന്നിട്ടുള്ളതു്.

കമ്മ്യൂണിസ്റ്റുകാർ മനുഷ്യത്വത്തെ അവഹേളിക്കുന്നുവെന്നുള്ളതിനു ഇതിൽക്കൂടുതൽ തെളിവാവശ്യമില്ലതന്നെ. ഐക്യരാഷ്ട്രസംഘടനയിൽ അംഗങ്ങളായിരുന്നിട്ടും ഏതെല്ലാം രാജ്യങ്ങളിൽ വിപുലമായ തോതിൽ അടിമജോലിക്കു ആളുകൾ നിയോഗിക്കപ്പെടുന്നു എന്നന്വേഷിക്കുവാൻ ഐക്യരാഷ്ട്രസംഘടന നിയമിച്ച കമ്മീഷനു്, എന്തുകൊണ്ട് റഷ്യയും ഉപഗ്രഹരാജ്യങ്ങളും തങ്ങളുടെ രാജ്യങ്ങളിൽ പ്രവേശനംതന്നെ നിരോധിച്ചു എന്നു് സഖാവ് ഗോപാലൻ സദയം പ്രസ്താവിക്കുമോ? ഈ രാജ്യങ്ങളിൽ അടിമജോലിയെന്നൊരിടപാടില്ലെങ്കിൽ ആ വസ്തുത ലോകസമക്ഷം എടുത്തുകാട്ടുന്നതിനു കിട്ടിയ അവസരം അവർ പാഴാക്കുമോ? ചൈനയിലും ചില വൻപദ്ധതികൾ നടപ്പിലാക്കുന്നതു് അടിമജോലികൾ മുഖേനയാണെന്നുള്ള മിസ്സിസ്സ് വിജയലക്ഷ്മി പണ്ഡിററിന്റെ പ്രസ്താവനയും ഇത്തരുണത്തിൽ സ്മർത്തവ്യമാണ്.

കമ്മ്യൂണിസത്തിൻകീഴ് സാധാരണ ജനങ്ങൾ മാത്രമല്ല നേതാക്കന്മാർപോലും സുരക്ഷിതരല്ലെന്നും മോസ്കോവിലെ സർവ്വാധിപതിയുടെ ഇഷ്ടാനിഷ്ടങ്ങളനുസരിച്ചാണ് അവരുടെ മാനവും സ്ഥിതിയും ജീവിതവുംതന്നെ നിലനില്ക്കുന്നതെന്നും മുപ്പത്തിയെട്ടു വർഷത്തെ മൃഗീയമായ കമ്മ്യൂണിസ്റ്റുടവുകൾ ഉച്ചൈസ്തരം ഉൽഘോഷിക്കുന്നു.

ഇലകൾ കൊഴിഞ്ഞുവീഴുന്നതുപോലെയാണു് റഷ്യയിലും ഉപഗ്രഹരാജ്യങ്ങളിലും നേതാക്കന്മാർ അവരുടെ ഉന്നതനിലയിൽനിന്നു് വീഴുന്നതു്. മലങ്കോവു് ഭരണമേററശേഷം നടന്നിട്ടുള്ളതും നടന്നുകൊണ്ടിരിക്കുന്നതുമായ 'ശുദ്ധീകരണങ്ങൾ' തന്നെ ഈ പ്രസ്താവനയ്ക്കു ഉപോൽബലകമാണു്.

സഖാവു് ഗോപാലന്റെ പ്രചരണവിദ്യയുടെ ഒന്നു രണ്ടു സാമ്പിളുകൾകൂടി കാണുക.

"കൂട്ടത്തിൽ പറയാം, സോവിയററു യൂണിയനിൽ സ്ത്രീകൾ പ്രസവിക്കുന്നതു് പ്രസവാസ്പത്രികളിൽവച്ചാണു്. മോസ്കോ പട്ടണത്തിൽ മാത്രമല്ല മദ്ധ്യേഷ്യയിലെ താഷ്ക്കണ്ടിലുംകൂടി അതാണു് നില. വേദനയില്ലാതെ പ്രസവംകഴിഞ്ഞു് അവർ സുഖമായി ആസ്പത്രി വിടുന്നു." (മാതൃഭൂമി ആഴ്ചപ്പതിപ്പു് ജൂലായ് 19). (കീഴ്‌വര എന്റേതു്) അപ്പോഴെ, കമ്മ്യൂണിസം വന്നാൽ സ്ത്രീകൾക്കു പ്രസവവേദനകൂടിയുണ്ടാകില്ല!

"അപകടമരണങ്ങൾ സോവിയററു യൂണിയനിൽ ഇല്ലെന്നു തന്നെ പറയാം" (മാതൃഭൂമി ആഴ്ചപ്പതിപ്പു് ജൂലായ് 19) സോവിയററു സക്കാർ അങ്ങനെ പറയുന്നു. പിന്നെ എതിരുണ്ടോ? റഷ്യയിൽ മനുഷ്യപ്രകൃതി വ്യത്യസ്തമാണോ സഖാവേ? ആയിരിക്കാം.

ഇങ്ങനെ പൊതുജനതാല്പര്യത്തേയും ജനിച്ചുവളന്ന നാടിന്റെ താല്പര്യത്തേയും ഒററിക്കൊടുത്തു്, എങ്ങനെയെങ്കിലും അധികാരത്തിൽ പ്രവേശിക്കുന്നതിനു ഇന്നാട്ടിലെ കമ്മ്യൂണിസ്റ്റ് നേതാവു് നടത്തുന്ന വിതണ്ഡാവാദഡിണ്ഡിമങ്ങൾ, ഈശ്വരവിശ്വാസത്തിലും സന്മാർഗ്ഗചിന്തയിലും കുടുംബജീവിതത്തിന്റെ പാവനമായ ഭദ്രതയിലും ജീവിക്കുവാൻ ആഗ്രഹിക്കുന്ന നാട്ടുകാരുടെ മുൻപിൽ ഫലവത്താകുവാൻ പോകുന്നില്ലെന്നു് അദ്ദേഹത്തേയും മററു റഷ്യൻ പ്രേമികളേയും നാട്ടുകാർ ഒന്നുചേന്നു് ഗ്രഹിപ്പിക്കേണ്ട കാലം ആസന്നമായിരിക്കുന്നു, അല്ലാ അതിക്രാന്തമായിരിക്കുന്നു.

നമ്മുടെ പ്രിയപ്പെട്ട ഇന്ത്യാ സ്വൈരതയിലും സമാധാനത്തിലും പുരോഗമിക്കട്ടെ.

ജയ്ഹിന്ദ്

—*—

UNION PRESS, MRIAPURAM

# സഖാക്കളുടെ നാട്ടിൽ



ജെ. ഞായല്ലൂർ

Indic Digital Archive Foundation
gpura.org